# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം(ബിപി)462/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 28/06/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), എറണാകുളം
3. ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ-ഇ.കെ.എം(ബിപി)462/22 തീയ്യതി: 28/06/2022

## എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 28-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനിമോൾ കെ ജി | ജോയിന്റ് ഡയറക്ടർ | 01-04-2020 | 31-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-03-2022 | 15-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ടെസ്സി എം, ഓഡിറ്റ് ഓഫീസർ
സുസ്മിത കെ വി ഓഡിറ്റ് ഓഫീസർ
സന്തോഷ് കുമാർ കെ വി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
പ്രസാദ് പി ജി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സന്തോഷ് കുമാർ എം സീനിയർ ഗ്രേഡ് ഓഡിറ്റർ
കിരൺ കെ എസ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു സെബാസ്റ്റ്യൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |
| ശ്രീ ടി.വി. പ്രദീപ് | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ വിജയൻ എം എസ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ശിവപ്രസാദ് പി യു (Late) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| രാജി സി ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| സൈജ ജോസ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2020 | 30-06-2020 |
| അനിത കെ മേനോൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-07-2020 | 06-08-2020 |
| രാജേന്ദ്രപ്രസാദ് കെ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 07-08-2020 | 31-03-2021 |
| ഡോ. എലിസബത്ത് ടി പി | മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |
| അഗസ്റ്റിൻ ടി പി | പട്ടിക ജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ഗായത്രി എസ് | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2020 | 31-03-2021 |
| സജീവ് കുമാർ പി ആർ | ക്ഷീര വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ജോബി ടി വൈ | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ്<br>Written By: Santhosh Kumar M (Auditor, On 16-03-2022)<br>Last Updated By: Raj N.C (Computer Assistant, On 06-06-2022) | 1-1 |
| 2 | വാര്‍ഷിക ധനകാര്യപത്രിക<br>Written By: Santhosh Kumar M (Auditor, On 16-03-2022)<br>Last Updated By: Raj N.C (Computer Assistant, On 07-06-2022) | 1-2 |
| 3 | വാര്‍ഷിക ധനകാര്യപത്രിക പരിശോധിച്ചതില്‍ കണ്ട അപാകതകള്‍<br>Written By: Santhosh Kumar M (Auditor, On 16-03-2022)<br>Last Updated By: Raj N.C (Computer Assistant, On 06-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Santhosh Kumar M (Auditor, On 16-03-2022)<br>Last Updated By: Raj N.C (Computer Assistant, On 12-05-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Santhosh Kumar M (Auditor, On 16-03-2022)<br>Last Updated By: Raj N.C (Computer Assistant, On 06-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Santhosh Kumar M (Auditor, On 16-03-2022)<br>Last Updated By: Raj N.C (Computer Assistant, On 12-05-2022) | 1-5 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: K.V.Santhosh Kumar (Asst. Audit Officer, On 21-03-2022)<br>Last Updated By: Raj N.C (Computer Assistant, On 12-05-2022) | 1-6 |
| 8 | ക്യാഷ് ബാലന്‍സ് പരിശോധന<br>Written By: Kiran K.S (Auditor, On 30-03-2022)<br>Last Updated By: Raj N.C (Computer Assistant, On 12-05-2022) | 1-7 |
| 9 | മറ്റ് ഓഡിറ്റുകള്‍ നടത്തിയതിന്റെ വിവരം<br>Written By: Santhosh Kumar M (Auditor, On 16-03-2022)<br>Last Updated By: Raj N.C (Computer Assistant, On 06-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Tessy (Audit Officer, On 21-03-2022)<br>Last Updated By: Raj N.C (Computer Assistant, On 12-05-2022) | 1-9 |
| 11 | കെട്ടിടങ്ങളുടെ വാടക - അപാകതകള്‍<br>Written By: Kiran K.S (Auditor, On 21-03-2022)<br>Last Updated By: Raj N.C (Computer Assistant, On 12-05-2022) | 1-10 |
| 12 | പി.എം.കെ.എസ്.വൈ. പദ്ധതി - അധികതുക ചെലവഴിച്ചു<br>Written By: K.V.Susmitha (Audit Officer, On 17-03-2022)<br>Last Updated By: Raj N.C (Computer Assistant, On 06-06-2022) | 1-11 |
| 13 | കൊളത്താപ്പിള്ളി ലിഫ്റ്റ് ഇറിഗേഷന്‍ - പദ്ധതിയിലെ അനിവാര്യമായ ഇനങ്ങള്‍ ഒഴിവാക്കി പദ്ധതി നിര്‍വ്വഹണം നടത്തി<br>Written By: K.V.Santhosh Kumar (Asst. Audit Officer, On 14-03-2022)<br>Last Updated By: Raj N.C (Computer Assistant, On 06-06-2022) | 1-12 |
| 14 | എസ്.സി.ഡി.ഒ. നടപ്പാക്കിയ പദ്ധതികള്‍ - ഗുണഭോക്തൃലിസ്റ്റിന് ഗ്രാമസഭാ അംഗീകാരമില്ല<br>Written By: Kiran K.S (Auditor, On 17-03-2022)<br>Last Updated By: Raj N.C (Computer Assistant, On 06-06-2022) | 1-13 |
| 15 | വനിത ഗ്രൂപ്പുകള്‍ക്ക് സ്വയംതൊഴില്‍ പദ്ധതി- അപാകതകള്‍<br>Written By: K.V.Susmitha (Audit Officer, On 16-03-2022)<br>Last Updated By: Raj N.C (Computer Assistant, On 16-06-2022) | 1-14 |
| 16 | പി.എം.കെ.എസ്.വൈ.- തനത് ഫണ്ടില്‍ നിന്ന് ദിവസവേതനം നല്‍കി<br>Written By: K.V.Susmitha (Audit Officer, On 15-03-2022)<br>Last Updated By: Raj N.C (Computer Assistant, On 07-06-2022) | 1-15 |

| | | |
|---|---|---|
| 17 | ഗ്രാമപഞ്ചായത്തിന് ഇലക്ട്രിസിറ്റി കണക്ഷനുള്ള ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക അനുവദിച്ചത്-<br>Written By: K.V.Susmitha (Audit Officer, On 15-03-2022)<br>Last Updated By: Raj N.C (Computer Assistant, On 07-06-2022) | 1-16 |
| 18 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 16-03-2022)<br>Last Updated By: Raj N.C (Computer Assistant, On 12-05-2022) | 1-17 |
| 19 | ഭിന്നശേഷികാർക്ക് സ്കോളർഷിപ്പ് --അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 16-03-2022)<br>Last Updated By: Raj N.C (Computer Assistant, On 12-05-2022) | 1-18 |
| 20 | കെ.എം.എസ്.സി.എൽ-ൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.<br>Written By: Santhosh Kumar M (Auditor, On 16-03-2022)<br>Last Updated By: Raj N.C (Computer Assistant, On 12-05-2022) | 1-19 |
| 21 | ശ്രവണ സഹായി വാങ്ങി നൽകൽ- അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 16-03-2022)<br>Last Updated By: Raj N.C (Computer Assistant, On 07-06-2022) | 1-20 |
| 22 | സി.ഡി.പി.ഒ. ഓഫീസ് ദൈനംദിന ചെലവുകൾ - അപാകത<br>Written By: Santhosh Kumar M (Auditor, On 16-03-2022)<br>Last Updated By: Raj N.C (Computer Assistant, On 07-06-2022) | 1-21 |
| 23 | ഡിജിറ്റൽ ബ്ലോക്ക് പഞ്ചായത്ത് - പദ്ധതി ഫലപ്രദമായില്ല<br>Written By: Tessy (Audit Officer, On 21-03-2022)<br>Last Updated By: Raj N.C (Computer Assistant, On 12-05-2022) | 1-22 |
| 24 | ഐ.ടി. ഹബ് ആന്റ് എഡ്യൂക്കേഷൻ സെന്റർ - പദ്ധതിപ്പണം പാഴ് ചെലവ് ആയി<br>Written By: Tessy (Audit Officer, On 21-03-2022)<br>Last Updated By: Raj N.C (Computer Assistant, On 07-06-2022) | 1-23 |
| 25 | ലൈഫ് പി.എം.എ.വൈ. ഭവനനിർമ്മാണം - അപാകതകൾ<br>Written By: Tessy (Audit Officer, On 21-03-2022)<br>Last Updated By: Raj N.C (Computer Assistant, On 12-05-2022) | 1-24 |
| 26 | വിനിയോഗ സർട്ടിഫിക്കറ്റ് ഇല്ല.<br>Written By: Tessy (Audit Officer, On 21-03-2022)<br>Last Updated By: Raj N.C (Computer Assistant, On 12-05-2022) | 1-25 |
| 27 | കാലിബാരലിന്റെ വില ഈടാക്കിയില്ല<br>Written By: Prasad P G (Asst. Audit Officer, On 23-03-2022)<br>Last Updated By: Raj N.C (Computer Assistant, On 07-06-2022) | 1-26 |
| 28 | ശ്രീമൂല നഗരം ഗ്രാമ പഞ്ചായത്ത്-അകവൂർ-കുന്നുവഴി റോഡ് കാന നിർമ്മാണം-അധികം തുക നൽകി<br>Written By: Prasad P G (Asst. Audit Officer, On 23-03-2022)<br>Last Updated By: Raj N.C (Computer Assistant, On 07-06-2022) | 1-27 |
| 29 | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകത<br>Written By: Prasad P G (Asst. Audit Officer, On 23-03-2022)<br>Last Updated By: Raj N.C (Computer Assistant, On 12-05-2022) | 1-28 |
| 30 | ബ്ലോക്ക് ഓഫീസ് പുനരുദ്ധാരണം- പൊളിച്ച് നീക്കിയ സാധനങ്ങൾ ലേലം ചെയ്ത് വിറ്റൊഴിച്ചില്ല<br>Written By: Prasad P G (Asst. Audit Officer, On 23-03-2022)<br>Last Updated By: Raj N.C (Computer Assistant, On 07-06-2022) | 1-29 |
| 31 | മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല<br>Written By: Prasad P G (Asst. Audit Officer, On 23-03-2022)<br>Last Updated By: Raj N.C (Computer Assistant, On 12-05-2022) | 1-30 |
| 32 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ- സർക്കാർ നിർദ്ദേശം പാലിച്ചില്ല<br>Written By: Prasad P G (Asst. Audit Officer, On 23-03-2022) | 1-31 |

| | | |
|---|---|---|
| | Last Updated By: Raj N.C (Computer Assistant, On 12-05-2022) | |
| 33 | ബ്ലോക്ക് ഓഫീസ് നവീകരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 29-03-2022)<br>Last Updated By: Raj N.C (Computer Assistant, On 07-06-2022) | 1-32 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഡിജിറ്റൽ ബ്ലോക്ക് പഞ്ചായത്ത്- പദ്ധതി ഉപകാരപ്രദമായില്ല<br>Written By: Tessy (Audit Officer, On 21-03-2022)<br>Last Updated By: Raj N.C (Computer Assistant, On 12-05-2022) | 3-1 |
| 2 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 21-03-2022)<br>Last Updated By: Raj N.C (Computer Assistant, On 13-05-2022) | 3-2 |
| 3 | ശ്രവണ സഹായി വാങ്ങി നൽകൽ- അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 21-03-2022)<br>Last Updated By: Raj N.C (Computer Assistant, On 07-06-2022) | 3-3 |
| 4 | കാലി ബാരലിന്റെ വില ഈടാക്കിയില്ല<br>Written By: Prasad P G (Asst. Audit Officer, On 23-03-2022)<br>Last Updated By: Raj N.C (Computer Assistant, On 07-06-2022) | 3-4 |
| 5 | ശ്രീമൂല നഗരം ഗ്രാമ പഞ്ചായത്ത്-അകവൂർ-കുന്നുവഴി റോഡ് കാന നിർമ്മാണം-അധികം തുക നൽകി<br>Written By: Prasad P G (Asst. Audit Officer, On 23-03-2022)<br>Last Updated By: Raj N.C (Computer Assistant, On 07-06-2022) | 3-5 |
| 6 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ- സർക്കാർ നിർദ്ദേശം പാലിച്ചില്ല<br>Written By: Prasad P G (Asst. Audit Officer, On 23-03-2022)<br>Last Updated By: Raj N.C (Computer Assistant, On 13-05-2022) | 3-6 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം<br>Written By: Santhosh Kumar M (Auditor, On 16-03-2022)<br>Last Updated By: Raj N.C (Computer Assistant, On 13-05-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Santhosh Kumar M (Auditor, On 16-03-2022)<br>Last Updated By: Raj N.C (Computer Assistant, On 13-05-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Santhosh Kumar M (Auditor, On 16-03-2022)<br>Last Updated By: Raj N.C (Computer Assistant, On 13-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Santhosh Kumar M (Auditor, On 17-03-2022)<br>Last Updated By: Raj N.C (Computer Assistant, On 13-05-2022) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Santhosh Kumar M (Auditor, On 16-03-2022)<br>Last Updated By: Raj N.C (Computer Assistant, On 13-05-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Santhosh Kumar M (Auditor, On 17-03-2022)<br>Last Updated By: Santhosh Kumar M (Auditor, On 17-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Santhosh Kumar M (Auditor, On 17-03-2022)<br>Last Updated By: Santhosh Kumar M (Auditor, On 17-03-2022) | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Santhosh Kumar M (Auditor, On 17-03-2022)<br>Last Updated By: Santhosh Kumar M (Auditor, On 17-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Santhosh Kumar M (Auditor, On 17-03-2022)<br>Last Updated By: Santhosh Kumar M (Auditor, On 17-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Santhosh Kumar M (Auditor, On 17-03-2022)<br>Last Updated By: Raj N.C (Computer Assistant, On 07-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Santhosh Kumar M (Auditor, On 17-03-2022)<br>Last Updated By: Raj N.C (Computer Assistant, On 13-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റിന് ഭരണസമിതിയുടെ 25.03.20 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകാരം നൽകുകയുണ്ടായി.

| | ബജറ്റ് പ്രകാരം | ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| മുൻബാക്കി | 4401715 | 71,59,291 |
| വരവ് | 101544000 | 7,76,13,160 |
| ആകെ | 105945715 | 8,47,72,451 |
| ചെലവ് | 105324500 | 7,69,63,000 |
| നീക്കിയിരുപ്പ് | 621215 | 78,09,451 |

ബജറ്റ് പ്രകാരമുള്ള വരവ്-ചെലവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ വരവ്-ചെലവും ഗണ്യമായി വ്യത്യാസപ്പെട്ടിരിക്കുന്നു. വരവ് ചെലവുകളുടെ കൃത്യമായ വിശകലനത്തിലൂടെ യാഥാർത്ഥ്യബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31.7.2020 | 26.07.2020 |

### 1-2-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്). തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 650160/-രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -468835/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല. അപാകത പരിഹരിക്കുന്നതിന് ഐ കെ എംമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

3. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ടെമ്പററി അഡ്വാൻസ് എന്ന ഹെഡിൽ നീക്കിയിരിപ്പായ 8209/രൂപയുടേയും അദർ അഡ്വാൻസ് എന്ന ഹെഡിൽ നീക്കിയിരിപ്പായ 1113900/ രൂപയുടേയും വിശദാംശങ്ങൾ (തൊഴിലുറപ്പ് പദ്ധതിയ്ക്ക് നൽകിയ അഡ്വാൻസ് തുകയിൽ തിരികെ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങളടക്കം) ലഭ്യമാക്കേണ്ടതാണ്. അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തി അറിയിക്കേണ്ടതാണ്.

4. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി ധനകാര്യപത്രികയമായി പൊരുത്തപ്പെടുത്തി അറിയിക്കേണ്ടതാണ്.

5. ഷെഡ്യൂൾ ബി-17 പ്രകാരമുള്ള അക്കൌണ്ട് ഹെഡ് 450250201, 450450110 എന്നീ ട്രഷറി അക്കൌണ്ടുകൾ നിലവിലുള്ളതായി കാണുന്നില്ല. മേൽ അക്കൌണ്ട് ഹെഡുകളുടെ കൃത്യത ഉറപ്പുവരുത്തേണ്ടതും മാറ്റം വരുത്തി അറിയിക്കേണ്ടതുമാണ്.

6. ഷെഡ്യൂൾ ബി-17 പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ ബാങ്ക് അക്കൌണ്ടുകളായ 450410105, 450410106, 450430101 പ്രകാരമുള്ള നീക്കിയിരിപ്പിന് സമാനമായ ബാലൻസ് തുകകൾ ഷെഡ്യൂൾ ബി-4 ൽ രേഖപ്പെടുത്തിയിട്ടില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.
7. ഇ-ടെണ്ടർ ഫോറത്തിന്റെ വില ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുള്ള തുക അതതു വർഷം ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകി കൃത്യത ഉറപ്പാക്കി ധനകാര്യപത്രികയിൽ ഉൾപെടുത്തിയതായി കാണുന്നില്ല. ഇ-ടെണ്ടർ ഫോറത്തിന്റെ വില ലഭ്യമായിട്ടുണ്ട് എങ്കിൽ മുൻവർഷങ്ങളിലേത് ഉൾപെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും വരവ്, ലഭിക്കാനുള്ള തുക എന്നിവ ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തി അറിയിക്കേണ്ടതുമാണ്.

8. ബി-4 പ്രകാരമുള്ള ഫണ്ടുകളിൽ മുൻവർഷങ്ങളിൽ ലഭിച്ച ചെലവഴിക്കാതെ ശേഷിക്കുന്ന തുകകൾ അതത് ഫണ്ടുകളിലേക്ക് തിരിച്ചടയ്ക്കുന്നില്ല. കൃത്യത പരിശോധിച്ച് തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

9. ആസ്തി രജിസ്റ്റർ കാലികമാക്കി വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തി അറിയിക്കേണ്ടതാണ്.

10. ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകുന്ന തുകകൾ വാർഷികധനകാര്യപത്രികയിൽ രേഖപ്പെടുത്തുന്നില്ല (RP47,B18). മുൻവർഷത്തിലേത് ഉൾപെടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും വിശദാംശങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തി അറിയിക്കേണ്ടതുമാണ്.

11. തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് വിവരങ്ങളും ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പും

വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തി അറിയിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 14.03.2022 ലെ ഓഡിറ്റ് എൻക്വയറി നം.6-ന് മറുപടി നൽകിയില്ല. ഓഡിറ്റ് നിർദേശങ്ങൾ പാലിച്ച് അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 71,59,291 |
| ഓഡിറ്റ് വർഷത്തെ വരവ് | 7,76,13,160 |
| ആകെ | 8,47,72,451 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 7,69,63,000 |
| നീക്കിയിരിപ്പ് | 78,09,451 |
| വരവിനങ്ങളിലുള്ള നഷ്ടം | 0.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,24,563 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 71,54,967 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 27606693 | 27606693 | 27606693 | | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 19001141 | 19001141 | 14600492 | | 4400649 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 239000 | 239000 | 100000 | | 139000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 5190000 | 5190000 | 4681809 | | 508191 |
| ധനകാര്യ കമ്മീഷൻ (പെർഫോർമൻസ് ഗ്രാന്റ്) | | 5190000 | 5190000 | 3748838 | | 1441162 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4831632 | 4831632 | 4278153 | | 553479 |
| 320100110 ഇന്ദിര ആവാസ് യോജന | 131 | 385454 | 385585 | 3700 | 381885 | 0 |
| 320100115 ടോട്ടൽ സാനിറ്റേഷൻ | 394772 | 15547 | 410319 | 0 | 410319 | 0 |
| 320100118 ഐ ഡബ്ല്യു എം പി | 2065260 | 16488873 | 18554133 | 13634962 | 4919171 | 0 |
| 320200321 നബാർഡ് | 134693 | 0 | 134693 | 0 | 134693 | 0 |
| 320700208 ജോയിന്റ് വെൻച്വർ- ഗ്രാമ പഞ്ചായത്ത് | 371057 | 0 | 371057 | 315057 | 56000 | 0 |
| 320900101 നിർമൽ പുരസ്കാരം | 296747 | 19892 | 316639 | 0 | 316639 | 0 |

കുറിപ്പ് – 1) 320100110 ഹെഡിൽ നിന്ന് 382216/- രൂപ, 280200401-പ്രയർ പിരീയഡ് ഇൻകം- അദർ ഇൻകം എന്ന ഹെഡിലേക്ക് മാറ്റിയിട്ടുള്ളതായി കാണന്നു. ഇതിന്റെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

2) 320700208 ഹെഡിൽ നിന്ന് 315057/- രൂപ 160100799-അദർ റവന്യൂ ഗ്രാന്റ് എന്ന ഹെഡിലേക്ക് വരവ് വച്ചിട്ടുള്ളതായി കാണന്നു. ഇതിന്റെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 88 | 65390719 | 48 | 50781175 | 20 | 20 | 54.54% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 105649 | 775282 | 880931 | 98590 | 782341 |

MGNREGS കാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ആണ് മുകളിൽ ചേർത്തിട്ടുള്ളത്. മേൽ

കണക്കുകൾ വാർഷിക ധനകാര്യപത്രികയിൽ ചേർക്കപ്പെട്ടിട്ടില്ല.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.03.2022 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധന നടത്തിയ തീയതിയിൽ ക്യാഷ് ബാലൻസ് ഒന്നുമില്ലെന്ന് ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.08.2021 മുതൽ 07.09.2021 വരെ | 2020-21 | 03.12.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.07.2015 മുതൽ 16.07.2015 വരെ | 01.07.13 മുതൽ 30.06.15 വരെ | 13.08.2015 |

## 1-9 ആഭ്യന്തര നിയന്ത്രണം

സ്റ്റോക്ക് രജിസ്റ്റർ പൂർണ്ണമല്ല. വാങ്ങുന്ന എല്ലാ ഇനങ്ങളും സ്റ്റോക്കിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ 2020-21 വർഷത്തെ സ്റ്റോക്ക് മാത്രമാണ് ചേർത്തിരിക്കുന്നത്. സ്റ്റോക്ക് രജിസ്റ്ററിൽ ഓരോ ഇനത്തിനും ഇൻഡെക്സ് തയ്യാറാക്കി അതിൽ ഓരോ വർഷവും ഓരോ പ്രാവശ്യവും വാങ്ങുന്ന ഇനങ്ങൾ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തണം. എന്നാൽ ഈ സ്ഥാപനത്തിൽ ഇപ്രകാരം ചെയ്യുന്നില്ല. അതിനു പകരം ഓരോ പ്രാവശ്യവും വാങ്ങുന്ന സാധനങ്ങൾ ഒരുമിച്ച് ചേർത്തിരിക്കുകയാണ് ചെയ്തിരിക്കുന്നത്. അതുകൊണ്ടുതന്നെ ഇവിടെ മുൻവർഷങ്ങളിൽ എന്തെല്ലാം നിലവിലുണ്ടായിരുന്നു എന്നും ആയത് നഷ്ടപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമല്ല. ഇപ്രകാരം ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തത് സംശയാസ്പദമാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച് വിവരം പൂർണ്ണമായി ലഭ്യമല്ലാത്തതിനാൽ റവന്യു അധികാരികളോട് ആയത് ആവശ്യപ്പെട്ട് കത്ത് നൽകുന്നതിന് കമ്മിറ്റിയിൽ തീരുമാനം എടുത്തിട്ടുണ്ട്. നടപ്പാക്കിയ പല പ്രോജക്ടുകളും പിന്നീട് തുടർന്നുകൊണ്ട് പോയിട്ടില്ല. സെക്രട്ടറി പ്രോജക്ടുകൾ നടപ്പിലാക്കിയപ്പോൾ ആവശ്യകത കണക്കിലെടുക്കാതെ തുക എങ്ങനെയും ചെലവഴിക്കുക എന്ന രീതിയിലാണ് പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതികൾ ഉപകാരപ്രദമാണോ, അത് തുടർന്നുകൊണ്ട് പോകുവാൻ സാധിക്കുമോ എന്ന വിലയിരുത്തൽ നടത്തിയിട്ടില്ല.

## 1-10 കെട്ടിടങ്ങളുടെ വാടക - അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിലെ കെട്ടിടവാടകയുടെ ഡിമാന്റ് രജിസ്റ്റർ, അനുബന്ധ ഫയലുകൾ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) ശ്രീമൂലനഗരം ഗ്രാമപഞ്ചായത്തിലെ 14-ാം വാർഡിൽ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള വനിതാ ഉൽപന്ന വിപണന കേന്ദ്രം കരാർ പ്രകാരം 2019 നവംബർ 1 മുതൽ 11 മാസക്കാലയളവിലേക്ക് കുടുംബശ്രീ ബ്രദേഴ്സ് അച്ചാർ യൂണിറ്റിന് വാടകയ്ക്ക് നല്കിയിട്ടുണ്ട്. വ്യവസായ യൂണിറ്റിൽ നിന്നും ലോൺ കിട്ടാൻ വൈകിയതിനാലും കോവിഡ് മൂലവും വാടകക്കാരുടെ അപേക്ഷ പരിഗണിച്ച് 27.12.2019 -ലെ 5(2), 16.10.2020 -ലെ 4(14) എന്നീ നം ബ്ലോക്ക് കമ്മിറ്റി തീരുമാനങ്ങൾ പ്രകാരം 2019 നവംബർ, ഡിസംബർ, 2020ഏപ്രിൽ, മെയ് മാസങ്ങളിലെ വാടക ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ 2020 ജനവരി മുതൽ 2020 മാർച്ച് വരെയും, 2020 ജൂൺ, ജൂലൈ മാസങ്ങളിലെയും വാടക ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കി രസീതിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
2) വാടക രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. മുൻ സാമ്പത്തിക വർഷങ്ങളിലും കെട്ടിടം വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും 2021 ജനവരി മുതലുള്ള വാടക വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. ആയതിനാൽ ഓഡിറ്റ് വർഷത്തെ പോലും വാടക വിവരങ്ങൾ കൃത്യമായി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുടെ കൃത്യത, മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിക്കുകയോ, സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.
3) വാടക രജിസ്റ്ററിൽ ഓരോ സാമ്പത്തിക വർഷാവസാനവും എഴുതി സൂക്ഷിക്കേണ്ട സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല. (Arrear, Demand, Collection, Balance) ഇപ്രകാരം എഴുതി സൂക്ഷിക്കാത്തതിനാൽ, മുൻ വർഷങ്ങളിലെ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്ന വാടകയെ സംബന്ധിച്ചുള്ള കൃത്യത, ഓഡിറ്റിൽ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ആയതിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/14.03.2022)മറുപടി ലഭ്യമാക്കിയില്ല.

## 1-11 പി.എം.കെ.എസ്.വൈ. പദ്ധതി - അധികതുക ചെലവഴിച്ചു

പി.എം.കെ.എസ്.വൈ. പദ്ധതിയുടെ ഭാഗമായി ഓഡിറ്റ് വർഷം വ്യക്തിഗത ഗുണഭോക്താക്കൾക്ക് തെങ്ങിൻ തൈകൾ, കോഴിക്കുഞ്ഞുങ്ങൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

### 1. കോഴിക്കുഞ്ഞ് വിതരണം

പദ്ധതി പ്രകാരം, സെക്രട്ടറി വിവിധ നീർത്തടങ്ങളിലെ വ്യക്തിഗത ഗുണഭോക്താക്കൾക്ക് 45-60 ദിവസം വരെ പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തതിന് 36,95,320/- രൂപ രണ്ട് എഗ്ഗർ നേഴ്സറികൾക്ക് നൽകിയിട്ടുണ്ട്.

BRN - 1. 82035702035/3.9.20 – 112100

2. 112028144131/19.11.20 – 119180
3. 112028144131/28.11.20 -286740
4. 012135547663/3,2.21 – 451200
5. 022115432764/10.2.21 – 318000
6. 022117604028/12.2.21 -682800
7. 32121283846 /12.3.21 – 124800
8. 32155340742 /26.3.21 – 1600500

സർക്കാർ ഫാമിൽ നിന്നും വാങ്ങി വളർത്തിയ കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനായി 10.7.20 ന് ക്വട്ടേഷൻ ക്ഷണിക്കുകയും 118/- രൂപ നിരക്കിൽ കോർകുഴിയിൽ എഗ്ഗർ നഴ്സറിയുമായി കരാർ(തിയതി 24.7.20) വയ്ക്കുകയും ചെയ്തു. കോഴികുഞ്ഞുങ്ങളെ സർക്കാർ ഫാമിൽ നിന്നും വാങ്ങിയതിന്റെ രേഖകളും യഥാസമയം വാക്സിനേഷൻ നടത്തിയതിന്റെ രേഖകളും കരാറുകാരൻ ഹാജരാക്കേണ്ടതാണ് എന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എറണാകുളം ജില്ലാ കളക്ടറുടെ 20.03.2020ലെ 61139/20/DPC/DPO/EKM പ്രകാരം 110/- രൂപയാണ് കോഴിക്കുഞ്ഞിന് യൂണിറ്റ് കോസ്റ്റായി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് 118/- രൂപ നൽകിയാണ് കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയത്. അതായത് 51,440/- രൂപ അധികം ചെലവഴിക്കേണ്ടി വന്നു.

കോവിഡ് കാരണം സർക്കാർ ഹാച്ചറിയിൽ നിന്നും കോഴികുഞ്ഞുങ്ങളെ ലഭ്യമാകുവാൻ പ്രയാസമാണ് എന്നും ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഹാച്ചറിയിൽ നിന്നും വാങ്ങി മറ്റ് അംഗീകൃത നഴ്സറികൾ വളർത്തിയ കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ അനുവദിക്കണം എന്നുമുള്ള കരാറുകാരന്റെ അപേക്ഷ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 27.8.20 ലെ 3(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രായവും വാക്സിനേഷനും ഉറപ്പുവരുത്തിയാൽ മതി എന്നും കമ്മിറ്റി തീരുമാനത്തിൽ പറയുന്നുണ്ട്.

20.8.20 മുതൽ 27.11.20 വരെ വിവിധ തിയതികളിലായി 6430 കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്തതിന് 758740 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

ഒരു ദിവസം പ്രായമുള്ള കുഞ്ഞുങ്ങളെ സർക്കാർ ഹാച്ചറികളിൽ നിന്നും വാങ്ങി 45- 60 ദിവസം പ്രായമാകുന്നതുവരെ വളർത്തി വിതരണം ചെയ്യാൻ കരാർ വെച്ച് ഒരു മാസത്തിനകം തന്നെ മറ്റ് സ്വകാര്യ നഴ്സറികളിൽ നിന്നും കോഴികുഞ്ഞുങ്ങളെ വാങ്ങി വിതരണം ചെയ്യാൻ അനുമതി നൽകുകയാണ് ചെയ്തിട്ടുള്ളത്. ബ്ലോക്ക് ഹാച്ചറിയിൽ നിന്നുള്ള പർച്ചേസ് രേഖകളോ വാക്സിനേഷൻ രേഖകളോ ഹാജരാക്കിയിട്ടുമില്ല.

നവംബർ മാസത്തിനുശേഷം പ്രസ്തുത കരാറുകാരൻ വിതരണം നടത്താതിരുന്നതിനാൽ വീണ്ടും മറ്റ് നഴ്സറികൾക്ക് 8.1.21 ന് കത്ത് നൽകി ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ കാലയളവിൽ (ജനവരി 30 നകം ) 15000 കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യാം എന്ന് ക്വട്ടേഷനിൽ രേഖപ്പെടുത്തിയ (120 രൂപ നിരക്കിൽ) ഗ്രാമശ്രീ നഴ്സറിയുമായി കരാർ (തിയതി ഇല്ല) വയ്ക്കുകയും ചെയ്തു. കരാറിൽ 3 വാക്സിനേഷൻ എടുത്ത് 45- 60 ദിവസം പ്രായമുള്ള കോഴികുഞ്ഞുങ്ങളെ ജനവരി 30 നകം വിതരണം ചെയ്യാം എന്ന് മാത്രമാണ് രേഖപ്പെടുത്തിയത്. ക്വട്ടേഷനോടൊപ്പം ഹാജരാക്കിയ രേഖ പ്രകാരം 30.9.20 വരെ പ്രവർത്തിക്കുന്നതിനുള്ള മൃഗസംരക്ഷണവകുപ്പിന്റെ അനുമതിയാണ് മേൽ സ്ഥാപനത്തിനുള്ളത്. 3000 മുട്ടക്കോഴികുഞ്ഞുങ്ങളെ വരെ വളർത്താനാണ് അനുമതി. 3000 കോഴികുഞ്ഞുങ്ങളെ മാത്രം വളർത്താൻ അനുമതിയുള്ള സ്ഥാപനത്തിനാണ് 2 ആഴ്ചക്കകം 15000 കുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ ബ്ലോക്ക് പഞ്ചായത്ത് കരാർ നൽകിയത്.

118/- രൂപ നിരക്കിൽ മാർച്ചിനകം വിതരണം ചെയ്യാം എന്ന് ക്വോട്ട് ചെയ്ത നഴ്സറികളെ ഒഴിവാക്കി ജനവരിയിൽ വിതരണം ചെയ്യാം എന്ന് വ്യവസ്ഥ മാത്രം പരിഗണിച്ച് 120/- രൂപയ്ക്ക് ഗ്രാമശ്രീയ്ക്ക് കരാർ നൽകുകയായിരുന്നു. എന്നാൽ ഗ്രാമശ്രീയുടെ ബിൽ പ്രകാരം ജനവരി മുതൽ ഫെബ്രുവരി അവസാനം വരെയുള്ള കാലയളവിലാണ് വിതരണം ചെയ്തിട്ടുള്ളത്. 17210 എണ്ണത്തിനായി 2065200 രൂപ നൽകുകയും ചെയ്തു.

22.2.21 വീണ്ടും ക്വട്ടേഷൻ ക്ഷണിച്ച് ഗ്രാമശ്രീ നഴ്സറിയുമായി 110 രൂപ നിരക്കിൽ കരാർ (തിയതി ഇല്ല) വയ്ക്കുകയും 14550 കോഴികുഞ്ഞുങ്ങൾക്കായി 1600500 രൂപ നൽകുകയും ചെയ്തു.

തുടർന്ന് ഗ്രാമശ്രീ നഴ്സറിയോട് സർക്കാർ ഹാച്ചറിയിൽ നിന്നും വാങ്ങിയതിന്റെ രേഖയും വാക്സിനേഷൻ രേഖകളും ഹാജരാക്കുവാൻ ആവശ്യപ്പെട്ട് 26.11.21 ന് കത്ത് നൽകി.9.12.21 ന് ഗ്രാമശ്രീ നഴ്സറി നൽകിയ മറുപടിയിൽ കോഴികുഞ്ഞുങ്ങളെ സ്വകാര്യ ഹാച്ചറികളിൽ നിന്നും വാങ്ങിയതാണ് എന്നും സർക്കാർ നഴ്സറിയിൽ നിന്നും വാങ്ങാമെന്നോ വാക്സിനേഷൻ രേഖ നൽകാമെന്നോ കരാറിൽ വ്യവസ്ഥ ഇല്ല എന്നും അറിയിച്ചിട്ടുണ്ട്.

സർക്കാർ അംഗീകൃത എഗ്ഗർ നഴ്സറികളിൽ നിന്നും വാങ്ങണം എന്ന വ്യവസ്ഥ പാലിക്കാതെ സ്വകാര്യ ഹാച്ചറികളിൽ നിന്നും വാങ്ങിയ കോഴികുഞ്ഞുങ്ങളെ വാക്സിനേഷൻ രേഖകൾ പോലും ലഭ്യമാക്കാതെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് കരാറുകാരന് തുക നൽകിയത് ക്രമപ്രകാരമല്ല.
ഓഡിറ്റ് എൻക്വയറി നം.15/15.03.2022ന് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവ് തുക ₹36,95,320/- തടസ്സപ്പെടുത്തുന്നു.

2. തെങ്ങിൻതൈ വിതരണം

എട്ട് നീർത്തടങ്ങളിലെ വ്യക്തിഗത ഗുണഭോക്താക്കൾക്ക് കൃഷി ഉത്പാദനവർദ്ധനവിനായി തെങ്ങിൻതൈ വിതരണം ചെയ്യുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി വി.എഫ്.പി.സി.കെ.യിൽ നിന്നും തൈകൾ വാങ്ങാൻ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശുപാർശ ചെയ്തുവെങ്കിലും വി.എഫ്.പി.സി.കെ. യുടെ തെങ്ങിൻതൈകൾ ഗുണനിലവാരം കുറവാണെന്നും അതിനാൽ അംഗീകൃത നഴ്സറികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങാനും

8.7.20 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു.

2.8.20 തീയതിയിലെ മാധ്യമം പത്രത്തിൽപരസ്യം ചെയ്യുകയും 4 ക്വട്ടേഷൻ ലഭിക്കുകയും ചെയ്തു. ഇതിൽ കുറവ് നിരക്ക് - 96 രൂപ – ക്വോട്ട്ചെയ്ത റോസ് നഴ്സറി, കോട്ടയം- യിൽ നിന്ന് വാങ്ങാൻ 7.8.20 ലെ കമ്മിറ്റിയുടെ തീരുമാനിച്ചിട്ടുണ്ട്. റോസ് നഴ്സറി ക്വട്ടേഷനോടൊപ്പം സമർപ്പിച്ചത് 31.3.17 വരെ പ്രവർത്തിക്കുന്നതിനുള്ള കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ [D&O License) അനുമതി, ഗ്രേസ് ഓർക്കിഡ്സ് എന്ന സ്ഥാപനത്തിന്റെ കോട്ടയം ജില്ലയിലെ അംഗീകൃത ഏജന്റാണ് എന്നതിനുള്ള സാക്ഷ്യപത്രം എന്നിവ മാത്രമാണ്. ക്വട്ടേഷൻ നോട്ടീസിൽ ആവശ്യപ്പെട്ട പ്രകാരം കൃഷി വകുപ്പിന്റെ /നാളികേരവികസനബോർഡിന്റെ അംഗീകൃത നഴ്സറിയാണ് എന്നതിനുള്ള രേഖകളൊന്നും സമർപ്പിച്ചിട്ടില്ല. ക്വട്ടേഷനിൽ പങ്കെടുത്ത മറ്റ് നഴ്സറികൾ കൃഷി പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രൈവറ്റ് നഴ്സറി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിരുന്നു.

27.8.20 ലെ ഭരണസമിതി തീരുമാനത്തിൽ സ്ഥാപനത്തിന് "ഗ്രാമപഞ്ചായത്ത് ലൈസൻസും കൃഷി വകുപ്പ് അംഗീകാരമുള്ള നഴ്സറിയുടെ ഉൽപ്പന്നങ്ങൾ വളർത്തുവാനും വിൽക്കുവാനുമുള്ള ഓതറൈസ്ഡ് ഡീലർഷിപ്പ് ഉണ്ട് എന്നതും തെങ്ങിൻതൈ സാംപിൾ സാങ്കേതികസമിതി (പ്രസിഡന്റ്, സെക്രട്ടറി, വനിതക്ഷേമ എക്സ്റ്റൻഷൻ ഓഫീസർ, കൃഷി വകുപ്പ് അസി.ഡയറക്ടർ, ഗുണഭോക്തൃപ്രതിനിധി എന്നിവർ ഉൾപ്പെട്ടത്) പരിശോധിച്ച് ബോധ്യപ്പെട്ട എന്നതിനാലും റോസ് നഴ്സറിക്ക് വിതരണത്തിന് അനുമതി നൽകി".

സ്ഥാപനത്തിന് 11155തൈകൾക്കായി ആകെ 1070880 രൂപ നൽകിയിട്ടുണ്ട് (96 X 11155)
വൌച്ചർ – 22000292/1.10.20 -476640
192/21.10.20- 115200
22000336/28.10.20-124800
22000384/31.12.20 – 239904
ചെക്ക് – 34899166/24.11.20 – 114336

കൃഷി വകുപ്പിന്റെ /നാളികേരവികസനബോർഡിന്റെ അംഗീകൃത നഴ്സറിയല്ലാത്ത സ്ഥാപനത്തിൽ നിന്നും തെങ്ങിൻ തൈകൾ വാങ്ങി വിതരണം ചെയ്തത് ക്രമപ്രകാരമല്ല. വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും തെങ്ങിൻതൈകൾ ലഭിച്ച കർഷകരിൽ/നീർത്തടസമിതികളിൽ നിന്നും നിലവിലെ സ്ഥിതി, തൈകളുടെ ഗുണനിലവാരം എന്നിവ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്. ചെലവ് തുകയായ ₹ 10,70,880/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-12 കൊളത്താപ്പിള്ളി ലിഫ്റ്റ് ഇറിഗേഷൻ - പദ്ധതിയിലെ അനിവാര്യമായ ഇനങ്ങൾ ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തി

പ്രോജക്ക്റ്റ് നമ്പർ : 116/20

ആകെ ചെലവ് : 6,22,477/-

നിർവ്വഹണം : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷനിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷന് വേണ്ടി രൂപീകരിക്കപ്പെട്ട പദ്ധതിയാണിത്. നെടുമ്പാശ്ശേരി പഞ്ചായത്തിലെ 19ാം വാർഡിലാണ് പദ്ധതി. എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം ആകെ പതിനെട്ട് ഇനങ്ങളാണ് പ്രവൃത്തിയിലുൾപ്പെടുന്നത്. 1-11-2018 ൽ കരാറുകാരായ ഐസക് ആൻഡ് സൺസ് വെഞ്ചുർസ് ലിമിറ്റഡിന് സെലക്ഷൻ നോട്ടീസ് നല്കി. പുതുതായി പൈപ്പ് ലൈൻ ഇടാൻ ഉദ്ദേശിച്ചിട്ടുള്ളത് എസ്റ്റിമേറ്റ് പ്രകാരം 283 മീറ്റർ ആണ്. പിന്നീട് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ഇത് 335 മീറ്റർ ആക്കി അത്രയും അളവിലാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. 6-12-2018 ൽ പാറക്കടവ് ഡിവിഷൻ മെംബർ നല്കിയ അപേക്ഷയിൽ മോട്ടോർ ഷെഡ് മുതൽ തുടക്കത്തിൽ ഏകദേശം 126 മീറ്റർ നീളത്തിൽ പഴയ പൈപ്പ് മാറ്റി പുതിയ പൈപ്പ് ഇട്ട് നല്കണമെന്ന് അപേക്ഷിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളത്. എന്നാൽ ഇങ്ങനെ ചെയ്തപ്പോൾ എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം ഉള്ള ക്രമനമ്പർ 6 മുതൽ 18 വരെയുള്ള ഇനങ്ങൾ പൂർണ്ണമായും ഒഴിവാക്കുകയാണുണ്ടായത്. പി.വി.സി. മോൾഡഡ് ഫിറ്റിംഗുകൾ, M.S. Flange,വാൽവുകൾ, ജോയിന്റുകൾ എന്നിങ്ങനെ പൈപ്പ് ലൈൻ എക്സ്റ്റൻഷന് അത്യന്താപേക്ഷിതമായ ഇനങ്ങൾ ഒഴിവാക്കിയാണ് പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത്. മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് പ്രകാരം വർക്ക് തീർന്നു, പണി തൃപ്തികരം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പഴയ പൈപ്പ് ലൈൻ മാറ്റി പുതിയത് ഇടുന്നതിനായി അപേക്ഷ നല്കിയിരുന്ന ഡിവിഷൻ മെംബർ തന്നെയാണ് മോണിറ്ററിംഗ് റിപ്പോർട്ടിലും സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. പദ്ധതികളിലെ ഇനങ്ങളിൽ മാറ്റം വരുത്തുന്ന വേളയിൽ ഒറിജിനൽ എസ്റ്റിമേറ്റിലെ അത്യന്താപേക്ഷിതമായ ഇനങ്ങൾ ഒഴിവാക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 എസ്.സി.ഡി.ഒ. നടപ്പാക്കിയ പദ്ധതികൾ - ഗുണഭോക്തൃലിസ്റ്റിന് ഗ്രാമസഭാ അംഗീകാരമില്ല

1)പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

| | |
|---|---|
| പ്രോജക്ട് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| പ്രോജക്ട് നം | S0018/2020-21 |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |
| അടങ്കൽ | 41,00,000/- (വികസന ഫണ്ട് - എസ് സി പി) |
| ചെലവ് | 19,09,000 /- |

| | |
|---|---|
| ബില്ല് നം/തീയതി/തുക | 12/20-21 08.2.21 ₹ 50000/-<br>13/20-21 08.2.20 ₹ 400000/-<br>19/20-21 25.2.21 ₹ 300000/-<br>21/20-21 03.3.21 ₹ 100000/-<br>22/20-21 03.3.21 ₹ 200000/-<br>23/20-21 15.3.21 ₹ 75000/-<br>24/20-21 15.3.21 ₹ 68000/-<br>29/20-21 24.3.21 ₹ 75000/-<br>33/20-21 24.3.21 ₹ 129000/-<br>37/20-21 28.3.21 ₹ 231000/-<br>38/20-21 28.3.21 ₹ 161000/-<br>39/20-21 30.3.21 ₹120000/- |

പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്ന 6 ഗ്രാമപഞ്ചായത്തുകളിലേക്ക് പദ്ധതി നടത്തിപ്പിനായി ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് 23.07.2020, 07.09.2020 തീയതികളിൽ കത്തുകൾ നൽകിയിരുന്നുവെങ്കിലും കുന്നുകര, പാറക്കടവ് ഒഴികെ (ഓഫീസ് കുറിപ്പിൽ ലിസ്റ്റ് ലഭ്യമായതായി രേഖപ്പെടുത്തിയിരിക്കുന്നു) ആയത് ലഭ്യമാകാതിരുന്നതിനാൽ പത്രകുറിപ്പ് മുഖേന ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും 22.01.2021 -ലെ 5(17)-ാം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം 25 പേരുടെ ലിസ്റ്റ് അംഗീകരിക്കുകയും ആയതിൽ 21 പേർക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്തു. എന്നാൽ

1)കുന്നുകര, പാറക്കടവ് എന്നീ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച ഗ്രാമസഭ, ഗ്രാമ പഞ്ചായത്ത് ഭരണസമിതി എന്നിവ അംഗീകരിച്ച് സാക്ഷ്യപ്പെടുത്തിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഫയലിൽ ലഭ്യമല്ല.

2)മറ്റു ഗുണഭോക്താക്കളുടെ ലിസ്റ്റിന് തുടർന്നു വരുന്ന ഗ്രാമസഭയുടെയും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും അംഗീകാരം ലഭ്യമാക്കണമെന്ന് 14.09.2020 തീയതിയിലെ പി.127/2020 കത്ത് പ്രകാരം ഗ്രാമപഞ്ചായത്തുകളോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/14.03.2022)മറുപടി ലഭ്യമാക്കിയില്ല.

<u>2)മെറിറ്റോറിയസ് സ്കോളർഷിപ്പ്</u>

| | |
|---|---|
| പ്രോജക്ട് | പ്രൊഫഷണൽ കോഴ്സുകൾക്കു പഠിക്കുന്ന മെറിറ്റോറിയസ് വിദ്യാർഥികൾക്ക് ധനസഹായം |
| പ്രോജക്ട് നം | S0023/2020-21 |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |
| അടങ്കൽ | 10,00,000/- (വികസന ഫണ്ട് - എസ് സി പി) |
| ചെലവ് | 9,85,000 /- |
| ബില്ല് നം/തീയതി/തുക | 15/20-21 08.2.21 140000/-<br>16/20-21 08.2.21 155000/-<br>17/20-21 08.2.21 190000/-<br>27/20-21 18.3.21 170000/-<br>28/20-21 18.3.21 130000/-<br>32/20-21 24.3.21 110000/-<br>35/20-21 28.3.21 40000/-<br>36/20-21 28.3.21 50000/- |

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്ന കുന്നുകര, ചെങ്ങമനാട്, നെടുമ്പാശ്ശേരി, പാറക്കടവ്, പുത്തൻവേലിക്കര, ശ്രീമൂലനഗരം എന്നീ 6 ഗ്രാമപഞ്ചായത്തുകളിലേക്ക് പദ്ധതി നടത്തിപ്പിനായി ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് 23.07.2020, 07.09.2020 തീയതികളിൽ കത്തുകൾ നൽകിയിരുന്നുവെങ്കിലും ആയത് ലഭ്യമാകാതിരുന്നതിനാൽ പത്രകുറിപ്പ് മുഖേന ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് 22.01.2021 -ലെ 5(17)-ാം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം 46 പേരുടെ ലിസ്റ്റ് അംഗീകരിക്കുകയും ആയതിൽ ഒരു ഗുണഭോക്താവിനെ ഒഴിവാക്കി സ്കോളർഷിപ്പ് നൽകുകയും ചെയ്തു.

2. ബ്ലോക്ക് കമ്മിറ്റി അംഗീകരിച്ച ലിസ്റ്റിൽ നിന്നും ഒഴിവാക്കിയ ഗുണഭോക്താവിനു പകരം തിരഞ്ഞെടുത്ത അക്ഷര അശോകൻ എന്ന വിദ്യാർത്ഥിനിക്ക് ഗ്രാമസഭ, ഗ്രാമപഞ്ചായത്ത് ഭരണസമിതി, ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി(ഇലക്ഷൻ സമയമായതിനാൽ ബ്ലോക്ക് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചില്ല എന്ന് ഓഫീസ് കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്) എന്നിവയുടെ അംഗീകാരം ലഭിക്കാതെ സാമ്പത്തിക വർഷാവസാനമായിതിനാൽ പദ്ധതി തുക ലാപ്സാകും എന്ന കാരണത്താൽ സ്കോളർഷിപ്പ് (20000/- രൂപ)നൽകിയിരിക്കുന്നു. സബ്സിഡി മാനദണ്ഡം പാലിക്കാതെ നിർവ്വഹണോദ്യോഗസ്ഥൻ സ്വമേധയാ സാമ്പത്തിക ആനുകൂല്യം നല്കിയത് അംഗീകരിക്കാവുന്നതല്ല.

3.രജിസ്റ്ററിൽ എല്ലാ ഗുണഭോക്താക്കളുടെ പേരും ഉൾപ്പെട്ടിട്ടില്ല. രജിസ്റ്റർ പ്രകാരം ആകെ 41 ഗുണഭോക്താക്കൾക്കാണ് സ്കോളർഷിപ്പ് ആനുകൂല്യം നൽകിയിരിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.13/14.03.2022)മറുപടി

ലഭ്യമാക്കിയില്ല.

മേൽ പരാമർശിച്ച രണ്ട് പദ്ധതികളിലും സ.ഉ.(കൈ) 22/2018 , ത.സ്വ.ഭ.വ, തീയ്യതി 14.02.2018 -ലെ ഖണ്ഡിക 7.2.6 പ്രകാരം പാലിക്കേണ്ട താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.

I) ആനുകൂല്യം നൽകുന്നതിന് മുമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ഗുണഭോക്താവിനെ ഗ്രാമസഭയും ഭരണസമിതിയും അംഗീകരിച്ച കൊണ്ടുള്ള ഗ്രാമപഞ്ചായത്ത് തീരുമാനം എടുക്കേണ്ടതാണ്.

Ii) ഗ്രാമസഭാകമ്മിറ്റിയിലും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതുമായ ലിസ്റ്റ് പ്രകാരമുള്ളവർക്ക് മാത്രമേ ആനുകൂല്യം നൽകാവൂ.

പദ്ധതികൾ നടപ്പിലാക്കുമ്പോൾ സബ്സിഡി മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾ പാലിച്ചുമാത്രം നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 വനിത ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ പദ്ധതി- അപാകതകൾ

വ്യവസായവികസന ഓഫീസർ നിർവഹണഉദ്യോഗസ്ഥനായി വനിത ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ പദ്ധതി എന്ന പേരിൽ രണ്ട് പദ്ധതികൾ ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുണ്ട്.

| പ്രൊജക്റ്റ് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|
| 29/21 | 1500000 | 1125708 |
| 97/21 | 1547500 | 1505250 |

രണ്ട് പ്രൊജക്റ്റ് പ്രകാരവും 6 ഗ്രൂപ്പുകൾക്ക് വീതം ആകെ 12 ഗ്രൂപ്പുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

സബ്സിഡി മാർഗരേഖ – G.O(P)22/18/lsgd പ്രകാരം സ്വയംതൊഴിലിന് ഗ്രൂപ്പുകൾക്ക് സബ്സിഡി നൽകുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

1. വായ്പബന്ധിത പ്രൊജക്റ്റ് ആയിരിക്കണം
2. കുറഞ്ഞത് 5 പേരുള്ള ഗ്രൂപ്പ്. ഗ്രൂപ്പ് രൂപീകരിച്ച് കുറഞ്ഞത് 6 മാസം കഴിഞ്ഞുള്ള ഗ്രേഡിംഗിൽ വിജയിച്ച ഗ്രൂപ്പ് ആയിരിക്കണം.
3. ബാങ്ക് ലിങ്കഡ് പദ്ധതിയായിരിക്കണം . സബ്സിഡി തുക ബാക്ക് എൻഡ് സബ്സിഡിയായി ബാങ്കിലേക്ക് നൽകണം

ബ്ലോക്ക് പഞ്ചായത്തിന്റെ പ്രൊജക്റ്റ് പ്രകാരം താഴെ പറയുന്ന നിബന്ധനകളും പാലിക്കേണ്ടതാണ്.

1. സംരംഭത്തിന് ആവശ്യമായ മുഴുവൻ തുകയും ബാങ്കിൽ നിന്ന് ലോൺ എടുക്കണം.
2. 360000 രൂപ വായ്പ എടുക്കുന്ന ഗ്രൂപ്പിന് 3 ലക്ഷം സബ്സിഡി നൽകും. അല്ലാത്തവർക്ക് ലോണിന്റെ 85% സബ്സിഡി നൽകും

ഫയലിൽ സൂക്ഷിച്ചിട്ടുള്ള രേഖകൾ പ്രകാരം ബാങ്ക് ആണ് ഗ്രേഡിംഗ് നടത്തിയിട്ടുള്ളത്. ഗ്രേഡിംഗ് മാർക് ഷീറ്റ് പ്രകാരം പ്രവർത്തനം ആരംഭിച്ചിട്ട് 6 മാസം പൂർത്തിയാക്കാത്ത ഗ്രൂപ്പുകൾക്കും പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്. പല ഗ്രൂപ്പുകളുടേയും രൂപീകരണം സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. നിർവഹണഉദ്യോഗസ്ഥൻ തുടർ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്തിന്റെ രേഖകളുമില്ല

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റ് അപാകതകളുടെ വിവരം താഴെ ചേർക്കുന്നു.

പ്രൊജക്റ്റ് നം . 97/21

| പേര് | വായ്പതുക , ബാങ്കിന്റെ പേര്, സബ്സിഡി | അപാകതകൾ |
|---|---|---|
| ലക്ഷ്മി വനിത വ്യവസായം | 300000<br>യൂണിയൻ ബാങ്ക്, അത്താണി<br>255000<br>ബിൽ നമ്പർ-1/23.4.20 | ഗ്രേഡിംഗ് ഷീറ്റ് പ്രകാരം പ്രവർത്തനം ആരംഭിച്ച തീയതി 12.2.20.<br>സബ്സിഡി അനുവദിച്ച ഉത്തരവ് തീയതി 27.2.20. |
| ഐശ്വര്യ വനിത വ്യവസായം | 400000<br>യൂണിയൻ ബാങ്ക്, അത്താണി<br>300000<br>ബിൽ നമ്പർ-2/23.4.20 | പ്രവർത്തനം ആരംഭിച്ച തീയതി 12.2.20.<br>സബ്സിഡി അനുവദിച്ച ഉത്തരവ് തീയതി 27.2.2020.<br>സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കാണ് നൽകിയത്. |
| പ്രത്യാശ ക്ലോത്ത് ബാഗ് യൂണിറ്റ് | 250000<br>യൂണിയൻ ബാങ്ക്, അത്താണി<br>212500<br>ബിൽ നമ്പർ-3/23.4.20 | വാടകക്കരാറോ പ്രവർത്തനം സംബന്ധിച്ച മറ്റു രേഖകളോ ഇല്ല |

| | | |
|---|---|---|
| മിന്നൂസ് സ്റ്റിച്ചിംഗ് & ഗാർമെന്റ്സ് | 265000<br>ബാങ്ക് ഓഫ് ബറോഡ<br>225250<br>ബിൽ നമ്പർ-4/23.4.20 | പ്രവർത്തനം ആരംഭിച്ചത് എന്നാണ് , എവിടെ പ്രവർത്തിക്കുന്നു (മേൽവിലാസം) തുടങ്ങിയവ വ്യക്തമല്ല.<br>വാടകക്കരാറോ മറ്റു രേഖകളോ ഇല്ല.<br>സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കാണ് നൽകിയത് |
| കൈരളി ഫുഡ് പ്രൊഡക്ട് | 400000<br>ദേന ബാങ്ക്,<br>300000<br>ബിൽ നമ്പർ-5/23.4.20 | ---"---- |
| പ്രതീക്ഷ ക്ലോത്ത് ബാഗ് | 250000<br>യൂണിയൻ ബാങ്ക്, അത്താണി<br>212500<br>ബിൽ നമ്പർ-6/23.4.20 | പ്രവർത്തനം ആരംഭിച്ച തീയതി 4.1.20. ഗ്രേഡിംഗ് കാലയളവ് -<br>4.1.20- 5.2.20-<br>എവിടെ പ്രവർത്തിക്കുന്നു (മേൽവിലാസം) തുടങ്ങിയവ വ്യക്തമല്ല.<br>വാടകക്കരാറോ മറ്റു രേഖകളോ ഇല്ല.<br>സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കാണ് നൽകിയത് |

പ്രൊജക്ട് -29/21

| പേര് | വായ്പതുക , ബാങ്കിന്റെ പേര്, സബ്സിഡി | അപാകത |
|---|---|---|
| നിറവ് വനിതവ്യവസായം | 290000<br>ഇൻഡ്യൻ ബാങ്ക്, ചെങ്ങമനാട്<br>255000<br>ബിൽ - 7/27.3.21 | ഫയലിൽ, പ്രവർത്തനം ആരംഭിച്ച തീയതി, ഗ്രേഡിംഗ്, എവിടെ പ്രവർത്തിക്കുന്നു (മേൽവിലാസം) തുടങ്ങിയ വിവരങ്ങളില്ല.<br>വാടകക്കരാറോ മറ്റു രേഖകളോ ഇല്ല. |
| പമ്മൂസ് തയ്യൽ യൂണിറ്റ് | 258480/-<br>കേരള ഗ്രാമീൺ ബാങ്ക്<br>219708<br>ബിൽ - 8/27.3.21 | പ്രൊജക്ട് റിപ്പോർട്ട് , ഗ്രേഡിംഗ് സംബന്ധിച്ച രേഖകൾ, എവിടെ പ്രവർത്തിക്കുന്നു (മേൽവിലാസം) തുടങ്ങിയ വിവരങ്ങളില്ല.<br>സംഘം 30.5.20 നാണ് ആദ്യയോഗം ചേർന്നത് എന്നാണ് മിനുട്സിൽ ചേർത്തിട്ടുള്ളത്. |
| ഫെയറീസ് കിച്ചൻ | 156000<br>കേരള ഗ്രാമീൺ ബാങ്ക്<br>132000<br>ബിൽ - 9/30.3.21 - | പ്രൊജക്ട് റിപ്പോർട്ട് , ഗ്രേഡിംഗ് സംബന്ധിച്ച രേഖകൾ,<br>പ്രവർത്തനം ആരംഭിച്ച തീയതി, എവിടെ പ്രവർത്തിക്കുന്നു<br>(മേൽവിലാസം) തുടങ്ങിയ വിവരങ്ങളില്ല.<br>സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കാണ് നൽകിയത് |
| ക്രിസ്റ്റൽ ഗ്രൂപ്പ് | 116850<br>കേരള ഗ്രാമീൺ ബാങ്ക്<br>104000<br>ബിൽ - 10/30.3.21 | ലോൺ തുകയുടെ 85% ആണ് പ്രൊജക്ട് പ്രകാരം അനുവദനീയമായ പരമാവധി ധനസഹായം. അതിനാൽ 99322 രൂപയാണ് നൽകാവുന്നത്.<br>പ്രൊജക്ട് റിപ്പോർട്ട് , പ്രവർത്തനം ആരംഭിച്ച തീയതി, എവിടെ പ്രവർത്തിക്കുന്നു (മേൽവിലാസം)<br>തുടങ്ങിയ വിവരങ്ങളില്ല. സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കാണ് നൽകിയത് |
| ഹോം ഫ്ളേവേഴ്സ് | 129000<br>കേരള ഗ്രാമീൺ ബാങ്ക്<br>115000<br>ബിൽ - 11/30.3.21 | ലോൺ തുകയുടെ 85% ആണ് പ്രൊജക്ട് പ്രകാരം അനുവദനീയമായ പരമാവധി ധനസഹായം. അതായത് 109650 രൂപയാണ് അനുവദനീയമായത്.<br>ഗ്രൂപ്പ് 2.2.21 നാണ് പ്രവർത്തനം ആരംഭിച്ചത്. സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കാണ് നൽകിയത് |

| | | |
|---|---|---|
| കൈപ്പുണ്യം വനിതവ്യവസായ യൂണിറ്റ് | 380000<br>കേരള ഗ്രാമീൺ ബാങ്ക്<br>300000<br>ബിൽ നം. – 12/30.3.21 | ഗ്രൂപ്പ് 1.1.21 നാണ് പ്രവർത്തനം ആരംഭിച്ചത്. പ്രൊജക്റ്റ് റിപ്പോർട്ട് , എവിടെ പ്രവർത്തിക്കുന്നു (മേൽവിലാസം) തുടങ്ങിയ വിവരങ്ങളില്ല. സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കാണ് നൽകിയത് |

ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീയതി 13.3.2022) മറുപടിയായി അക്കൗണ്ട് തുടങ്ങിയ തീയതിയാണ് പ്രവർത്തനമാരംഭിച്ച തീയതിയായി ബാങ്ക് കണക്കാക്കിയത് എന്നും അതിന് മുൻപ് തന്നെ ഗ്രൂപ്പ് അംഗങ്ങൾ യോഗങ്ങൾ ചേർന്നിരുന്ന എന്നുമാണ് വിശദീകരിച്ചത്. മാർഗരേഖയിലെ നിർദേശത്തിനനുസൃതമായി 6 മാസത്തിലധികമായി പ്രവർത്തിക്കുന്ന ഗ്രൂപ്പുകൾക്ക് മാത്രം സബ്സിഡി അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രൂപ്പുകളുടെ പ്രവർത്തനം സംബന്ധിച്ച രേഖകൾ വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

പ്രൊജക്റ്റ് റിപ്പോർട്ട്, വാടകക്കരാർ തുടങ്ങിയ രേഖകളും വാങ്ങി സൂക്ഷിക്കേണ്ടതാണ്. യൂണിറ്റുകളുടെ പ്രവർത്തനം മോണിറ്റർ ചെയ്യേണ്ടതും കരാർ വ്യവസ്ഥ പ്രകാരം പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഗ്രൂപ്പുകളുടെ അക്കൗണ്ടിലേക്ക് നൽകിയ സബ്സിഡി തുക ബാങ്കിന്റെ അക്കൗണ്ടിലേക്ക് മാറ്റിയതിന്റെ രേഖകൾ വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

ക്രിസ്റ്റൽ ഗ്രൂപ്പ്, ഹോം ഫ്ലേവേഴ്സ് എന്നിവയ്ക്ക് അധികം നൽകിയ സബസിഡി തിരികെ ഈടാക്കുന്നതാണ് എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്. തുക തിരികെ ഈടാക്കുന്നതുവരെ 10,028/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-15 പി.എം.കെ.എസ്.വൈ.- തനത് ഫണ്ടിൽ നിന്ന് ദിവസവേതനം നൽകി

പി.എം.കെ.എസ്.വൈ. പദ്ധതിക്കായി ഒരു ഡാറ്റ എൻട്രി ഓപ്പറേറ്ററെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുവാനും ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും വേതനം നൽകുവാനും പ്രൊജക്റ്റ് ഡയറക്ടറുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ചെലവ് തുക റീകൂപ്പ് ചെയ്യുവാനും 27.8.20 ലെ ഭരണസമിതിയോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. തുടർന്ന് ശ്രീമതി. ആതിര ജയരാജ് എന്ന വ്യക്തിയെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുകയും താഴെ പറയും പ്രകാരം വേതനം നൽകുകയും ചെയ്തിട്ടുണ്ട്.

| വൗച്ചർ നമ്പർ | കാലയളവ് | തുക |
|---|---|---|
| 22000325/21.10.20 | 29.9.20 – 30.9.20 | 1480 |
| 22000351/24.11.20 | October 2020- 19 ദിവസം | 14060 |
| 22000373/30.12.20 | November - | 17760 |
| 22000399/14.1.21 | December 20 ദിവസം | 14800 |
| Chq No. 5922224/18.2.21 | January- 21 ദിവസം | 17020 |

പ്രൊജക്റ്റ് ഡയറക്ടറുടെ അനുമതി ലഭിച്ചിട്ടുണ്ടോ എന്നും വേതനം തനത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടുണ്ടോ എന്നും അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി - 4/13.3.22 ന് മറുപടി ലഭിച്ചില്ല. ചെലവ് തുക തനത് ഫണ്ടിലേക്ക് റികൂപ്പ് ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ഗ്രാമപഞ്ചായത്തിന് ഇലക്ട്രിസിറ്റി കണക്ഷനുള്ള ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക അനുവദിച്ചത്-

മലായിക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായി ( ബ്ലോക്ക് RIDF പദ്ധതി) കുന്നുകര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ വൈദ്യുതി കണക്ഷൻ എടുക്കുന്നതിനായി കുന്നുകര സെക്രട്ടറിക്ക് കെ.എസ്.ഇ.ബി. നൽകിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക – 21821/- ബ്ലോക്ക് പഞ്ചായത്തിന്റെ തനത്ഫണ്ടിൽ നിന്നും Other Administrative Expense എന്ന ഹെഡിൽ ചെലവ് ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് കൈമാറിയ പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക നൽകിയത് ക്രമപ്രകാരമല്ല. ഭാവിയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെട്ട ചെലവുകൾക്കുമാത്രം തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി - 4/13.3.22 ന് മറുപടിലഭിച്ചില്ല.) ചെലവ് തുക കുന്നുകര ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കി ചെലവ് ക്രമീകരിക്കേണ്ടതാണ്.

## 1-17 മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1. പ്രൊജക്റ്റ് നം. 13/21, പാലിയേറ്റീവ് കെയർ സെക്കന്റ് ഫേസ്, (അടങ്കൽ - 1116440/- രൂപ, ഫണ്ട് – വികസന ഫണ്ട് (പൊതു വിഭാഗം), ചെലവ് - 11160098/- രൂപ .) എന്ന പദ്ധതിക്കായി 9977/ രൂപ അധികമായി ചെലവ് ചെയ്തതായി കാണുന്നു. വിശദാംശങ്ങൾ ഖണ്ഡിക 3-2ൽ ചേർത്തിട്ടുണ്ട്.

2. പ്രോജക്റ്റ് നം 22/21(അടങ്കൽ - 992200/- രൂപ, ഫണ്ട് – വികസന ഫണ്ട് (പൊതു വിഭാഗം), ചെലവ് - 988025/- രൂപ .) ചെങ്ങമനാട് സിഎച്ച് സിക്ക് ഉച്ചയ്ക്ക് ശേഷം ഒ പി പ്രവർത്തിപ്പിക്കുന്നതിന് സ്റ്റാഫിനെ നിയമിക്കൽ എന്ന പദ്ധതിയുടെ നടത്തിപ്പിനായി ഒരു ഡോക്ടർ, രണ്ടു ഫാർമസിസ്റ്റ് ഒരു ലാബ് ടെക്നിഷൻ എന്നിവരെ മാസ ശമ്പളത്തിൽ നിയമിച്ചതായും ഇവരിൽ ഒരു ഫാർമസിസ്റ്റ്, ഒരു ലാബ് ടെക്നിഷൻ എന്നിവരെ പുത്തൻവേലിക്കര താലൂക്ക് ആശുപത്രിയിലാണ് നിയമിച്ചിട്ടുള്ളത് എന്നും കാണുന്നു. ഏതൊക്കെ തസ്തികയിൽ

ജീവനക്കാരെ നിയമിക്കുന്നതിനാണ് എന്ന് പദ്ധതി രേഖകളിൽ വ്യക്തമാക്കിയിട്ടില്ല. പദ്ധതി വിഭാവനം ചെയ്യുമ്പോൾതന്നെ കൃത്യമായ ആവശ്യകത ഉറപ്പുവരുത്തി രേഖപ്പെടുത്തലുകൾ പദ്ധതിരേഖകളിൽ വരുത്തേണ്ടതും അനിവാര്യമായ മാറ്റങ്ങൾക്ക് പദ്ധതി ഭേദഗതി വരുത്തി അംഗീകാരം തേടേണ്ടതുമാണ്. ഈ ജീവനക്കാരുടെ അറ്റൻഡൻസ് രജിസ്റ്റർ, ചെങ്ങമനാട് സിഎച്ച് സി., പുത്തൻവേലിക്കര താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ വിവിധ തസ്തികകളിലുള്ള ജീവനക്കാരുടെ എണ്ണം , ഒഴിവ് (2020-21) എന്നിവ ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ചുകൊണ്ടുള്ള 14-3-22 ലെ ഓഡിറ്റ് എൻക്വയറി നം 5ന് മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3. പ്രോജക്ട് നം 12/21(അടങ്കൽ - 300000/- രൂപ, ഫണ്ട് – മെയിന്റനൻസ് ഫണ്ട് (റോഡിതരം), ചെലവ് - 299738/- രൂപ .) ചെങ്ങമനാട് സി എച് സി-ദൈനംദിനചെലവുകൾ എന്ന പദ്ധതി പ്രകാരം പിറ്റ് നിർമ്മിക്കുന്നതിന് 14900/-രൂപയും റിപ്പയർ വർക്കിന് 24990/-രൂപയും ബിൽ നം 40/20-21 തീ 22-2-21, 97598/- പ്രകാരം ചെലവഴിച്ചതായി കാണുന്നു. മേൽ പ്രവൃത്തികൾക്കായി സ്വീകരിച്ച ക്വട്ടേഷൻ നടപടികളും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ചുകൊണ്ടുള്ള 14-3-22 ലെ ഓഡിറ്റ് എൻക്വയറി നം 5ന് മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ 39890/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-18 ഭിന്നശേഷികാർക്ക് സ്കോളർഷിപ്പ് --അപാകതകൾ

സി.ഡി.പി.ഒ. നടപ്പിലാക്കിയ ഭിന്നശേഷികാർക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം-14/21, അടങ്കൽ -2000000/-വികസന ഫണ്ട് -ജനറൽ) ചെലവ്-1773724/-,എന്ന പദ്ധതിക്കായി സുലേഖാ ചെലവ് പത്രിക പ്രകാരം ചെലവഴിച്ച ആകെ 1773724/-രൂപയുടെ ട്രഷറി ബില്ലുകളും വിനിയോഗവിവരവും ഗുണഭോക്തൃലിസ്റ്റും 11-3-22 ലെ ഓഡിറ്റ് എൻക്വയറി നം.2 പ്രകാരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. ചെലവു വിവരങ്ങളും അനുബന്ധ രേഖകളും ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 177774/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-19 കെ.എം.എസ്.സി.എൽ-ൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

1. മെഡിക്കൽ ഓഫീസർ സി.എച്ച്.സി. നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികൾ പ്രകാരം മരുന്ന് വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ-ന് തുക നൽകിയിട്ടുണ്ട്.

(എ) പ്രൊജക്ട് നം. 13/21, പാലിയേറ്റീവ് കെയർ സെക്കന്റ് ഫേസ്

അടങ്കൽ - 1116440/- രൂപ

ഫണ്ട് – വികസന ഫണ്ട് (പൊതു വിഭാഗം)

ചെലവ് - 1116098/- രൂപ

| പ്രൊഫോർമ ഇൻവോയ്സ് നം./തീയതി | തുക | ഇനിയും മരുന്നുകൾ ലഭിക്കാനുള്ള തുക | ബിൽ നം./തീയതി |
|---|---|---|---|
| PRF2496/24.9.2020 | 137116 | 94149 | 25/20-21/9.11.2020<br>₹147115/- |
| PRF4185/4.1.2021 | 430786 | 71387 | 38/20-2/8.1.2021<br>₹430786 |
| PRF5394/15.2.2021 | 6913 | 3872 | 46/20-2/22.3.2021<br>₹28007 |
| ആകെ തുക | | 169408/- രൂപ | |

(ബി) പ്രൊജക്ട് നം. 21, പുത്തൻവേലിക്കര താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 200000/- രൂപ

ഫണ്ട് – മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ചെലവ് - 199858/- രൂപ

| പ്രൊഫോർമ ഇൻവോയ്സ് നം./തീയതി | തുക | ഇനിയും മരുന്നുകൾ ലഭിക്കാനുള്ള തുക | ബിൽ നം./തീയതി |
|---|---|---|---|
| PRF4694/23.1.2020 | 156000 | 35634 | 44/20-21/18.3.21<br>₹165994 |

(സി) പ്രൊജക്ട് നം. 20, ചെങ്ങമനാട് സി.എച്.സി.യിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 400000/- രൂപ

ഫണ്ട് – മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ചെലവ് - 399630/- രൂപ

| പ്രൊഫോർമ ഇൻവോയ്സ് നം./തീയതി | തുക | ഇനിയും മരുന്നുകൾ ലഭിക്കാനുള്ള തുക | ബിൽ നം./തീയതി |
|---|---|---|---|
| PRF2525/25.9.2020 | 325000 | 104138 | 26/20-21/9.11.21 ₹344992 |

കെ.എം.എസ്.സി.എൽ-ൽ നിന്നും ഇനിയും ലഭിക്കാനുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകോണ്ട് നൽകിയ 14-3-22 ലെ ഓഡിറ്റ് എൻക്വയറി നം.5ന് മറുപടി ലഭ്യമാക്കിയില്ല. മരുന്ന് ലഭിച്ചതിന്റെ ബാച്ച് നം., എക്സ്പെയറി ഡേറ്റ് എന്നിവ രേഖപ്പെടുത്തിയ ഒറിജിനൽ ഇൻവോയ്സുകൾ, മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കുന്നതുവരെ 309180/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-20 ശ്രവണ സഹായി വാങ്ങി നൽകൽ- അപാകതകൾ

| | | |
|---|---|---|
| പ്രോജക്ട് നമ്പർ, പേര് | ശ്രവണ സഹായി വാങ്ങി നൽകൽ- പ്രോജക്ട് നം-126/21 | ശ്രവണ സഹായി വാങ്ങി നൽകൽ- വനിത- പ്രോജക്ട് നം127/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ചൈൽഡ് ഡെവലപ്പമെന്റ് പ്രോജക്ട് ഓഫീസർ | ചൈൽഡ് ഡെവലപ്പമെന്റ് പ്രോജക്ട് ഓഫീസർ |
| അടങ്കൽ | 100000/-(വികസന ഫണ്ട് -ജനറൽ) | അടങ്കൽ 200000/-(വികസന ഫണ്ട് -ജനറൽ) |
| ചെലവ് | 94560/- BRN-20110963017700539980-തീ 22-9-2020), | ചെലവ്-195030/-BRN-20110963017700539810 തീ 22-9-2020 |

1) മേൽ പ്രോജക്ടുകൾ നടപ്പിലാക്കിയതിന് മെഡിക്കൽ ക്യാമ്പ് നടത്തിയതിന്റെ ഫയൽ ഹാജരാക്കിയില്ല. മെഡിക്കൽ ക്യാമ്പ് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2) പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയായാണ് നടപ്പിലാക്കിയിട്ടുള്ളത് എങ്കിലും കുന്നുകര, പാറക്കടവ്, പൂത്തൻവേലിക്കര എന്നീ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്കുമാത്രമാണ് ഉപകരണം വിതരണം ചെയ്തിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള നെടുമ്പാശ്ശേരി, ശ്രീമൂലനഗരം, ചെങ്ങമനാട് എന്നീ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളെ ഉൾക്കൊള്ളിക്കാതിരുന്നതിനു വിശദീകരണം നൽകേണ്ടതാണ്.

3) ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചതായി കാണുന്നില്ല. ഗുണഭോക്താക്കൾക്ക് മൂന്നുവർഷത്തിനുള്ളിൽ ഹിയറിങ്ങ് എയിഡ് ലഭിച്ചിട്ടില്ല എന്ന് ഉറപ്പവരുത്തിയതായി കാണുന്നില്ല. പഞ്ചായത്ത് നൽകിയ ഗുണഭോക്തൃലിസ്റ്റിനനുസരിച്ച് ഉപകരണം നൽകിയതായാണ് കാണുന്നത്.

4) പ്രോജക്ട് നം 127/21 പ്രകാരം വിതരണ രജിസ്റ്റർ ക്രമ നം7ൽ രേഖപ്പെടുത്തിയിട്ടുള്ള കത്രീന എം പി എന്ന ഗുണഭോക്താവിന് ഹിയറിങ്ങ് എയിഡ് ആവശ്യമില്ല എന്ന ഡോക്ടറുടെ നിർദേശത്തിന് വിരുദ്ധമായി ഉപകരണം നൽകിയ ഇനത്തിൽ 5910/- രൂപ അധികമായി ചെലവ് ചെയ്തതായി കാണുന്നു. വിശദാംശങ്ങൾ ഖണ്ഡിക 3-3ൽ ചേർത്തിരിക്കുന്നു.

5) പ്രോജക്ട് നം 127/21 പ്രകാരം വിതരണ രജിസ്റ്റർ ക്രമ നം 20,21,22, 23ൽ രേഖപ്പെടുത്തിയിട്ടുള്ള സുലോചനചന്ദ്രൻ, ത്രേസ്യാമ്മ ജോണി, തങ്കമ്മ, ശാന്തരാജൻ എന്നീ ഗുണഭോക്താക്കൾ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തതിന്റേയോ, ഹിയറിങ്ങ് എയിഡ് ആവശ്യമാണെന്നുള്ള ഡോക്ടറുടെ നിർദേശമോ ഇല്ലാതെ ഓരോരുത്തർക്കും 2 എണ്ണം വീതം ആകെ 8 ഉപകരണം നൽകിയതായി കാണുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. പദ്ധതി രേഖ പ്രകാരം മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തവർക്ക് മാത്രമാണ് മെഡിക്കൽ ഓഫീസറുടെ നിർദ്ദേശാനുസരണം ശ്രവണ സഹായി നൽകേണ്ടിയിരുന്നത്. ആയതിനാൽ മേൽ ഗുണഭോക്താക്കൾക്ക് നൽകിയ ശ്രവണ സഹായികളുടെ വിലയായ 47280/-രൂപ (8x5910) ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 11-3-22 ലെ ഓഡിറ്റ് എൻക്വയറി നം.2ന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിദശദീകരണം നൽകേണ്ടതും നഷ്ടത്തുക ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-21 സി.ഡി.പി.ഒ. ഓഫീസ് ദൈനംദിന ചെലവുകൾ - അപാകത

സി.ഡി.പി.ഒ. ഓഫീസ് ദൈനംദിന ചെലവുകൾ എന്ന 16/2020-21നം പദ്ധതിയിൽ (അടങ്കൽ 75000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം) ; ചെലവ്-72266/- BRN 923188 തി 11-1-21, 19332; BRN 1345122, 24/03/2021, 33960/-; BRN 1345126, 24/03/2021 4880/-; BRN 1353725, 25/03/2021 , 8694/-; BRN 1399022, 27/03/2021 5400/-). പാറക്കടവ് സി.ഡി.പി.ഒ. ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങിയതിന് ബിൽ നം. BRN 1345122 തിയതി 24/03/2021 പ്രകാരം 33960/-രൂപ M/s ക്ലൌഡ്സ് കറുകുറ്റി, എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഒരു കംപ്യൂട്ടറിന് ആവശ്യമുള്ള വിവിധ പാർട്ടുകൾ വാങ്ങി അസംബിൾ ചെയ്ത് കംപ്യൂട്ടർ സർവീസിങ്ങിനായി ചെലവായി എന്ന രീതിയിലാണ് ചെലവ് കാണിച്ചിട്ടുള്ളത്. എന്നാൽ സർക്കാർ ഐ.ടി. സെൽ വകുപ്പിന്റെ ഐ.ടി. സെൽ1/1/106/2019/വി.സ.വ. തീയതി 21/10/2019 പ്രകാരം കമ്പ്യൂട്ടർ അനുബന്ധ ഐ.ടി. ഉപകരണങ്ങൾ സി.പി.ആർ.സി.എസ്. പോർട്ടലിലൂടെ വാങ്ങണമെന്ന് നിർദ്ദേശിച്ചിരുന്നു. കൂടാതെ സ്റ്റോർ പർചേസ് മാന്വൽ 19.3 ൽ എല്ലാ സർക്കാർ വകുപ്പുകളും 25000/-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM മുഖേന സമാഹരിക്കണമെന്നും പറയുന്നുണ്ട്. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക

8.8 പ്രകാരം സാമ്പത്തിക വർഷാരംഭം തന്നെ സ്ഥാപന മേധാവികൾ കണ്ടിജൻസി ചെലവുകളുടെ പട്ടിക തയ്യാറാക്കി സെക്രട്ടറിക്ക് നൽകേണ്ടതും സെക്രട്ടറിയുടെ ഉത്തരവിലൂടെ തുക അനുവദിച്ച് അനുയോജ്യമായ ഫണ്ടുകളിൽ നിന്നും പദ്ധതിക്കായി തുക കണ്ടെത്തി നടപ്പിലാക്കാവുന്നതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. ഈ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി കമ്പ്യൂട്ടർ വാങ്ങിയതിനും ആസ്തി ആർജിക്കുന്ന ഇത്തരം വാങ്ങലുകൾ പ്രത്യേക പദ്ധതിയായി നടപ്പിലാക്കാതെ ദൈനംദിന ചെലവുകൾക്കുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയതിനും വിശദീകരണം നൽകേണ്ടതാണ്. ഈ ഓഫീസിലേക്ക് മുൻവർഷവും കമ്പ്യൂട്ടർ വാങ്ങിയതായി കാണുന്നു. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 11-3-22 ലെ ഓഡിറ്റ് എൻക്വയറി നം.2ന് മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 33960/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-22 ഡിജിറ്റൽ ബ്ലോക്ക് പഞ്ചായത്ത് - പദ്ധതി ഫലപ്രദമായില്ല

പ്രോജക്ട് നമ്പർ എസ്.ഒ. 136/21 പ്രകാരം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഡിജിറ്റൽ ബ്ലോക്ക് പഞ്ചായത്ത് എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും 200000/- രൂപയാണ് പദ്ധതി അടങ്കൽ. (ചെലവ് തുക 199000/-, ബിൽ നമ്പർ 20110963018300905858/7.1.21) ഗൂഗിൾ പ്ലേ സ്റ്റോറിൽനിന്നും ഈ ആപ്പ് ഡൌൺലോഡ് ചെയ്ത് പൊതു ജനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയാൻ സാധിക്കുകയും എസ്.എം.എസ്. സംവിധാനത്തിലൂടെ മൊബൈൽ വഴി ഓരോ ദിവസത്തെയും വാർത്തകളും വിവരങ്ങളും ജനങ്ങളെ അറിയിക്കാൻ സാധിക്കുകയും ചെയ്യും എന്നതാണ് പ്രോജക്ടിന്റെ പ്രധാന പ്രവർത്തനവും ലക്ഷ്യവും. വെബ് ആപ്ലിക്കേഷൻ ആൻഡ്രോയ്ഡ് ആപ്ലിക്കേഷൻ, ബ്ലോക്ക് പഞ്ചായത്ത് ഡയറക്ടറി, അഡ്മിൻ സൈഡ് ആപ്ലിക്കേഷൻ, എസ്എം എസ് മാനേജ്മെന്റ് സിസ്റ്റം എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്. ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചില അപാകതകൾ സംഭവിച്ചിട്ടുണ്ട്. വിശദവിവരം ഖണ്ഡിക 3-1ൽ ചേർത്തിട്ടുണ്ട്.

## 1-23 ഐ.ടി. ഹബ് ആന്റ് എഡ്യുക്കേഷൻ സെന്റർ - പദ്ധതിപ്പണം പാഴ് ചെലവ് ആയി

പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിൽ അഭ്യസ്ത വിദ്യരായ വനിതകൾക്കും കുട്ടികൾക്കും വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ ഓഫീസ് സൌകര്യം ഒരുക്കുകയും ആവശ്യമായ കമ്പ്യൂട്ടറുകളും മറ്റ് അവശ്യ ഫർണിച്ചറുകളും സ്ഥാപിക്കുകയും ചെയ്ത് ഐടി മേഖലയിൽ പ്രാവീണ്യമുള്ളവരെ കണ്ടെത്തി ഹബ്ബിന്റെ പ്രവർത്തനം തുടങ്ങുകയും കമ്പ്യൂട്ടർ അധിഷ്ഠിത പരിശീലനം നടത്തി ഗവൺമെന്റ് സർട്ടിഫിക്കറ്റ് നൽകുകയും സ്ഥാപനങ്ങളിൽ നിന്ന് ഓർഡറുകൾ സ്വീകരിച്ച് വർക്കുകൾ ചെയ്ത് കൊടുക്കുകയും അങ്ങനെ ഒരു വരുമാന മാർഗ്ഗം ആവുകയും ചെയ്യുന്നതിനുമായി 2019-20 വർഷത്തിൽ വിഭാവനം ചെയ്തതാണ് ഐടി ഹബ് ആന്റ് എഡ്യുക്കേഷൻ സെന്റർ എന്ന പ്രോജക്ട്. പ്രോജക്ട് നമ്പർ 135/19-20ആയി ബിൽ നമ്പർ 19110963018301661056/ 31.3.20പ്രകാരം 39511/- രൂപ സ്കാനർ വാങ്ങിയതിന് K M ടെക്നോളജീസ്, കോട്ടയം എന്ന സ്ഥാപനത്തിന് 2019-20 – ൽ തുക നൽകിയിട്ടുണ്ട്.

സ്പിൽ ഓവർ ആയി പ്രോജക്ട് നമ്പർ - SO 110/21 പ്രകാരവും 138/20 പ്രകാരവും 2020–21 വർഷം ഈയിനത്തിൽ ആകെ താഴെപ്പറയുന്ന ചെലവുകൾ വന്നിട്ടുണ്ട്.

1. പ്രൊജക്ട് നമ്പർ – എസ്.ഒ.110/21

അടങ്കൽ – ₹9,60,489/-
ചെലവ് – ₹8,70,655/-

പ്രൊജക്ട് നമ്പർ – എസ്.ഒ.138/20
അടങ്കൽ – ₹4,65,878/-
ചെലവ് – ₹4,00,000/-

| ബിൽ നമ്പർ, തീയതി | തുക | സ്ഥാപനം | |
|---|---|---|---|
| 20110963018300016601/11.4.20 | 181208 | K M ടെക്നോളജീസ്, കോട്ടയം | |
| 20110963018300012496/11.4.20 | 497234 | ആർട് കോ | |
| 20110963018300905854/7.1.2021 (Project No. 138/20-21) | 400000 | Avalon സിസ്റ്റംസ്, കോട്ടയം | |
| 20110963018300950251/15.1.21 | 149281(IT - 1375) | വർഗീസ് | 3931 |
| | | ഓൾ സ്റ്റാർ ഇലക്ട്രിക്കൽസ് | 138540 |
| | | മാത്തച്ചൻ സി ജെ | 1310 |
| | | Kcww Board | 1375 |
| | | GST | 2750 |
| 20110963018300950222/15.1.21 | 33610 | ഓൾ സ്റ്റാർ ഇലക്ട്രിക്കൽസ് | |
| 20110963018300505135/9.9.20 | 9322 | Dsignage | |
| ആകെ | 1270655 | | |

ഇതിൽ 149281 രൂപയുടെ ചെലവ് വിവരങ്ങൾ ഫയലിൽ ഇല്ല.

ആർട് കോ, K M ടെക്നോളജീസ്, കോട്ടയം എന്നിവക്ക് നൽകിയ തുകകളുടെ ചെലവ് വിവരങ്ങൾ താഴെ

ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നമ്പർ | സ്ഥാപനം | ഇനം | എണ്ണം / അളവ് | നിരക്ക് | ആകെ തുക(GST അടക്കം) |
|---|---|---|---|---|---|---|
| 1 | Kkd649/27.3.20, തുക -497234 | ആർട് കോ | പാർട്ടീഷൻ വാൾ Office Table | 5.022 | 7576 | 44895 |
| 2 | | | പ്ലാസ്റ്റിക് ടൈപ്പ് കമ്പ്യൂട്ടർ ചെയർ | 10 | 3654 | 43117.2 |
| 3 | | | പാർട്ടീഷൻ വാൾ - Cabin 1 | 13.703 | 7576 | 122500.4 |
| 4 | | | പാർട്ടീഷൻ വാൾ Cabin Door- | 2.74 | 7576 | 24530 |
| 5 | | | പാർട്ടീഷൻ വാൾ Cabin Front Counter | 1.313 | 7576 | 11737 |
| 6 | | | പാർട്ടീഷൻ വാൾ Cabin -2 | 11.75എണ്ണം | 7576 | 106158.7 |
| 7 | | | Steel Armless Chair | 1 | എണ്ണം1500 | 1770 |
| 8 | | | Steel Plain Table With Wooden Top | 1 | 4333 | 5112 |
| 9 | | | പാർട്ടീഷൻ വാൾ Office Wall Rack 3 Side | 14.444 | 7576 | 129175.7 |
| | | | Delivery Charge | | 7022.88 | 8287 |
| | Kmr19-20/11-21, 26.3.20 | K M ടെക്നോളജീസ്, കോട്ടയം | Sharp MFD (GST18%+ 1% Flood Cess ഉൾപ്പെടെ) | 1 | 144709 | 172210 |
| | Kmr19-20/11-31, 26.3.20 | K M ടെക്നോളജീസ്, കോട്ടയം | Epson Printer (GST18%+ 1% Flood Cess ഉൾപ്പെടെ) | 1 | 7581.36 | 8998 |
| | Kmr19-20/1133, 30.3.20 | " | Epson Scanner (GST18%+ 1% Flood Cess ഉൾപ്പെടെ) | 1 | 33203.36 | 39512 |

ഈ ഇനങ്ങൾ സ്റ്റോക്കിൽ എടുത്തിട്ടില്ല.

ജിഒ (ആർ ടി) നമ്പർ 8/20എസ്.പി.ഡി. , തീയതി 10.2.2020 പ്രകാരം സ്റ്റീൽ ഫർണിച്ചർ, തടി ഫർണിച്ചർ മുതലായവ ആണ് ആർട്ട്കോ-യിൽ നിന്ന് നേരിട്ട് വാങ്ങാവുന്നത്. പ്ലാസ്റ്റിക് ഉപകരണങ്ങൾ വാങ്ങാവുന്നതല്ല. ഇവിടെ വാങ്ങിയിരിക്കുന്ന കമ്പ്യൂട്ടർ ചെയറുകൾ പ്ലാസ്റ്റിക് ആണ്. ഒരെണ്ണത്തിന് 4311/- രൂപ വില വന്നിരിക്കുന്ന ഈ കസേരകളുടെ നിരക്ക് സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 9.46 പ്രകാരം മാർക്കറ്റ് നിരക്കുമായി താരതമ്യം ചെയ്ത് യുക്തിഭദ്രമാണോ എന്ന് പരിശോധിച്ചിട്ടില്ല.

2. കമ്പ്യൂട്ടർ വാങ്ങിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്റ്റ് നമ്പർ - SO 138/21.
ബിൽ നമ്പർ - 20110963018300905854/7.1.2021,
തുക - ₹400000/-

| ക്രമ നം | ഇൻവോയ്സ് നമ്പർ | സ്ഥാപനം | ഇനം | എണ്ണം | നിരക്ക് | ആകെ തുക (Including Tax) |
|---|---|---|---|---|---|---|
| 1 | A – 157, 26.10.2020 | Avalon Systems & Services (ടെണ്ടർ മുഖേന) | Desktop Computer Acer | 5 | 42255.93 | |
| 2 | | | UPS | 1 | 183532.20 | 465878 |

ഐ.ടി. സെൽ - 1/26/2019/വി.സ.വ. തീയതി 18.3.2019 നമ്പർ സർക്കുലർ പ്രകാരം CPRCSമുഖേന മാത്രമേ കമ്പ്യൂട്ടർ വാങ്ങാൻ പാടുള്ളൂ. എന്നാൽ സർക്കാർ ഉത്തരവ് പാലിക്കാതെ ഈ പ്രോജക്റ്റ് പ്രകാരം കമ്പ്യൂട്ടർ വാങ്ങിയിരിക്കുന്നത് ടെണ്ടർ മുഖേന കോട്ടയം ആസ്ഥാനമായുള്ള AVALON SYSTEM എന്ന സ്ഥാപനത്തിൽനിന്നാണ് . രണ്ട് ടെണ്ടറുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. അതിൽ ഒന്ന് Innovative Technology Solutions എന്ന, കൃത്യമായ മേൽവിലാസം രേഖപ്പെടുത്താത്ത സ്ഥാപനമാണ്. AVALON SYSTEMഎന്ന സ്ഥാപനത്തിന് ഗവ. പർച്ചേസ് എൻലിസ്റ്റ്മെന്റ് സർട്ടിഫിക്കറ്റ് ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ഇൻസ്റ്റലേഷൻ, എ.എം.സി., Complete Intergration Solution For It എന്നിവക്കാണ്, കമ്പ്യൂട്ടറിന് അല്ല. ഇതിൽ

നിന്നും ഈ സ്ഥാപനത്തിന് തന്നെ ഉറപ്പിച്ച നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ള നടപടി മാത്രമാണ് ടെണ്ടർ ക്ഷണിക്കൽ എന്ന് വ്യക്തമാണ്. കമ്പ്യൂട്ടർ വാങ്ങിയ ഇനത്തിൽ ഈ സ്ഥാപനത്തിന് 65878/- രൂപ കൂടി നൽകാനുണ്ട്.

കൂടാതെ ഫോട്ടോകോപ്പിയർ, പ്രിന്റർ മുതലായവ വാങ്ങിയിരിക്കുന്നത് ജെം മുഖേന കോട്ടയം തന്നെ ആസ്ഥാനമായുള്ള കെ എം ടെക്നോളജീസ് എന്ന സ്ഥാപനത്തിൽനിന്നാണ്. CPRCSമുഖേന മാത്രം വാങ്ങാൻ അനുമതിയുള്ള ഈ ഉപകരണങ്ങൾ CPRCS – ൽ ലഭ്യമല്ലെങ്കിൽ ആയതിനുള്ള സാക്ഷ്യപത്രം ലഭ്യമാക്കി മാത്രമാണ് മറ്റ് ഏജൻസികളിൽ നിന്ന് വാങ്ങാവുന്നത്. അപ്രകാരമല്ല ഈ ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നത്.

ആർട് കോയിൽ നിന്നും വാങ്ങലുകൾ നടത്തി മാസങ്ങൾക്ക് ശേഷം 21.8.20 – ലാണ് ഏതൊക്കെ കോഴ്സുകൾ നടത്തണമെന്നും അതിന്റെ ഫീസ് സംബന്ധിച്ചുള്ള വിവരങ്ങളും ആവശ്യപ്പെട്ടുകൊണ്ട് കെൽട്രോണിന് സെക്രട്ടറി കത്ത് നൽകിയിരിക്കുന്നത്. ഇതിൽനിന്നും മനസ്സിലാകുന്നത് തുക എങ്ങനെയെങ്കിലും ചെലവഴിക്കുക എന്നതായിരുന്നു ഈ പ്രോജക്ടിന്റെ ലക്ഷ്യം എന്നതാണ്.

ഫീസ് വിവരങ്ങൾ സംബന്ധിച്ച് സെക്രട്ടറി കെൽട്രോണിന് കത്ത് നൽകിയ അതേ തീയതിയിൽ തന്നെ കെൽട്രോൺ മറുപടി നൽകിയിട്ടുണ്ട്. ഇതിൽ മിനിമം പഠിതാക്കളുടെ എണ്ണം 10 ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കുവാൻ സാധിക്കുമോ എന്നത് പരിശോധിച്ചിട്ടില്ല.

2019-20 – ൽ പ്രോജക്ട് തയ്യാറാക്കി സ്കാനർ വാങ്ങിയതിന്റെ തുക നൽകിയിട്ടുണ്ട്. 12.3.20 – ൽ കെൽട്രോണിന് നൽകിയ കത്തിൽ മാർച്ച് മാസത്തിൽ തന്നെ കമ്പ്യൂട്ടർ ലഭിക്കുമോ എന്ന് സെക്രട്ടറി ആരാഞ്ഞിട്ടുണ്ട്. ആയതിന് കെൽട്രോണിൽ നിന്ന് മറുപടി ഒന്നും തന്നെ ലഭിച്ചിട്ടില്ല. 2019-20 – ൽ തയ്യാറാക്കിയ പ്രോജക്ടിന് കമ്പ്യൂട്ടറുകൾ വാങ്ങിയിരിക്കുന്നത് 26.10.2020 – ൽ ആണ്.

30.9.2020 – ൽ ഉദ്ഘാടനം ചെയ്തെങ്കിലും കമ്പ്യൂട്ടറുകൾ വാങ്ങിയിരിക്കുന്നത് ഒരു മാസം കഴിഞ്ഞാണ്. ഫീസ് രജിസ്റ്റർ പ്രകാരം ക്ലാസ് തുടങ്ങിയിരിക്കുന്നത് 2021 ജനുവരിയിൽ മാത്രമാണ്. ഫീസ് വാങ്ങിയത് രസീത് പ്രകാരമല്ല. ഫീസിന്റെ നിരക്ക് വ്യക്തമാക്കിയിട്ടില്ല. കുട്ടികൾ അധ്യാപികയെ ഏൽപ്പിക്കുന്ന തുക ബാങ്ക് അക്കൌണ്ടിൽ അടവാക്കുകയാണ് ചെയ്യുന്നത്. ലഭിക്കുന്ന ഫീസിന്റെയും മറ്റ് വരുമാനത്തിന്റെയും ഒരു നിശ്ചിത വിഹിതം ആണ് ഇൻസ്ട്രക്ടർക്ക് നൽകുന്നത് എന്ന് ഇൻസ്ട്രക്ടറെ നിയമിക്കുന്നതിനുള്ള പരസ്യത്തിൽ ചേർത്തിട്ടുണ്ട്. ടിയാൾക്ക് 10000രൂപ നിരക്കിൽ വേതനം നൽകിയിട്ടുണ്ട്. ഇത് എപ്രകാരം ആണ് കണക്കാക്കിയത് എന്ന് വ്യക്തമാക്കിയിട്ടില്ല. ലഭിക്കുന്ന ഫീസിന്റെ 20% + GST യാണ് കെൽട്രോണിന് നൽകേണ്ടത്.

27.8.20 -ലെ 3/5 നമ്പർ തീരുമാനപ്രകാരം ഐടി ഹബ്ബിലേക്ക് നിയമിച്ച ശ്രീമതി ആതിര ജയരാജിനെ PMKSY പദ്ധതിയുടെ ഭാഗമായി ഡാറ്റാ എൻട്രി ഓപ്പറേറ്റർ ആയി താൽക്കാലികമായി നിയമിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. അതായത് കമ്പ്യൂട്ടറുകൾ പോലും വാങ്ങുന്നതിന് മുൻപേ ഇൻസ്ട്രക്ടറെ നിയമിച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോംപൌണ്ടിലുള്ള ഈ സ്ഥാപനം നിലവിൽ പൂട്ടിക്കിടക്കുകയാണ്. കമ്പ്യൂട്ടറുകളും ഫോട്ടോസ്റ്റാറ്റ് മെഷീനും മറ്റ് എല്ലാ വസ്തുക്കളും പൊടി പിടിച്ച് ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുന്നു.

ഇത്തരത്തിൽ പ്രോജക്ട് നടപ്പാക്കിയതിനുശേഷം ഇത് നടത്തിക്കൊണ്ടുപോകുന്നതിന് 8.9.20 ൽ പല ജീവനക്കാർക്കായി ചുമതല നൽകി സെക്രട്ടറി ഉത്തരവിറക്കിയിട്ടുണ്ട്. എന്നാൽ ഈ പ്രോജക്ട് വിഭാവനം ചെയ്തപ്പോഴും നടപ്പാക്കിയപ്പോഴും ആയത് നിലനിർത്തിക്കൊണ്ട് പോകാൻ സാധിക്കുന്ന ഒന്നാണോ എന്നുള്ള സാദ്ധ്യതാ പഠനം നടത്തിയിട്ടില്ല. കടകളിൽനിന്നും മറ്റും വർക്ക് ഓർഡറുകൾ ലഭ്യമായേക്കും എന്ന് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും ആയത് പ്രാവർത്തികമാണോ എന്നത് പരിഗണിച്ചിട്ടില്ല. ഗ്രാമപ്രദേശത്തുള്ള ഈ സ്ഥാപനത്തിൽ ആവശ്യത്തിന് വിദ്യാർത്ഥികൾ ഇല്ലാതായാൽ ഇതിൽ നിയമിക്കപ്പെടുന്ന അധ്യാപകർക്ക് എപ്രകാരം വേതനം കൊടുക്കും എന്ന കാര്യം പരിഗണിച്ചിട്ടില്ല. അതുകൊണ്ട് തന്നെ പിന്നീട് , ആവശ്യത്തിന് വിദ്യാർത്ഥികൾ ഇല്ലാത്തതിനാൽ ഇൻസ്ട്രക്ടർക്ക് വേതനം നല്കുന്നതിന്, നിയമവിരുദ്ധമാണെങ്കിൽപ്പോലും പ്രോജക്ടിൽനിന്ന് വകയിരുത്തുന്നതിന് നടപടിക്രമം ആരംഭിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ളതായി 14.1.22-ലെ ഓഫീസ് നോട്ടിൽ കാണുന്നു. 17.9.20 ൽ ധാരണാപത്രം ഒപ്പുവക്കുന്നതിന് സമ്മതമാണെന്ന് കെൽട്രോണിനെ അറിയിച്ചുകൊണ്ടുള്ള സെക്രട്ടറിയുടെ കത്തിൽ കോഴ്സുകൾ മൂന്നുവർഷക്കാലത്തേക്കാണെന്നും കോഴ്സുകളുടെ നടത്തിപ്പ് ആവശ്യമായ പഠിതാക്കളുടെ ലഭ്യതക്ക് വിധേയമാണെന്നും ചേർത്തിട്ടുണ്ട്.

ഈ പ്രോജക്ട് സ്ഥിരമായി നിലനിർത്തിക്കൊണ്ട് പോവാൻ സാധിക്കുമോ എന്നതും ഇതിന്റെ ദൈനംദിന ചെലവുകളും ആവർത്തന ചെലവുകളും എപ്രകാരം നിർവ്വഹിക്കും എന്നതും കൃത്യമായി വിലയിരുത്താതെ നടപ്പിലാക്കിയതിനാലും സർക്കാർ ഉത്തരവിന് വിരുദ്ധമായുള്ള വാങ്ങലുകൾ നടത്തിയതിനാലും നിലവിൽ ഇത് പ്രവർത്തിക്കാതെ പൂട്ടിക്കിടക്കുന്നതിനാലും ഇതു വഴി സർക്കാർ ഫണ്ടിന് നഷ്ടം സംഭവിച്ചതായി കാണുന്നു.

ഇതു സംബന്ധിച്ച അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് 14.3.22 – ൽ നമ്പർ 14 ആയി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും ആയതിന് മറുപടി നൽകിയിട്ടില്ല.

സർക്കാർ ഫണ്ട് എങ്ങനെയെങ്കിലും ചെലവഴിക്കുക എന്ന ലക്ഷ്യത്തോടെ മാത്രം ആവിഷ്കരിച്ച് നടപ്പാക്കിയ ഒരു പദ്ധതി ആണ് ഇതെന്ന് മേൽപ്പറഞ്ഞ കാര്യങ്ങളിൽനിന്ന് വ്യക്തമാണ്. ആയതിനാൽ ഈയിനത്തിൽ 2020 – 21 വർഷം ആകെ ചെലവാക്കിയ 1270655 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. ഈ പ്രോജക്ട് നടപ്പാക്കിയത് സംബന്ധിച്ച് തുടർ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

## 1-24 ലൈഫ് പി.എം.എ.വൈ. ഭവനനിർമ്മാണം - അപാകതകൾ

ലൈഫ് പി.എം.എ.വൈ. ഭവനനിർമ്മാണം എന്ന ഇനത്തിൽ സുലേഖ പത്രിക പ്രകാരം താഴെപ്പറയുന്ന വിധം തുകകൾ ചെലവാക്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | ഇനം | അടങ്കൽ | ചെലവ് തുക |
|---|---|---|---|
| 4/20-21 | ലൈഫ് പി.എം.എ.വൈ. ഭവനനിർമ്മാണം (ജനറൽ) | 4102200 | 540000 |
| 5/20-21 | ലൈഫ് പി.എം.എ.വൈ. ഭവനനിർമ്മാണം (എസ്.സി.) | 3043264 | 2454056 |

ഈ തുകകൾ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേക്ക് നേരിട്ടാണ് നൽകിയിരിക്കുന്നത്. ഈ ചെലവുകളെ സാധൂകരിക്കുന്നതിന് തുക പാസ്സാക്കിയ ബില്ലിന്റെ പകർപ്പ് മാത്രമാണ് ഉള്ളത്. അതും എല്ലാ ബില്ലുകളുടെ പകർപ്പും ഫയലിൽ ഇല്ല. ഓരോ ഗുണഭോക്താവിനും എത്ര ശതമാനം തുകയാണ് വകയിരുത്തിയിരിക്കുന്നത് എന്നുള്ള വിവരങ്ങൾ ഇല്ല. പലർക്കും പല നിരക്കിലാണ് തുക നൽകിയിരിക്കുന്നത്. ഓരോ പഞ്ചായത്തിലെയും വിഇഒ മാരുടെ റിക്വസ്റ്റ് അനുസരിച്ച് തുക ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്ക് മാറി നൽകിയിരിക്കുകയാണ് എന്നാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വിശദീകരിച്ചത്. ഇത് പഞ്ചായത്തിന്റെ കണക്കിൽ പെടുന്നുണ്ടോ എന്ന് അറിയാനുള്ള മാർഗ്ഗങ്ങൾ ഇല്ല. ഇതു സംബന്ധിച്ച രജിസ്റ്റർ ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഗുണഭോക്താവിന് തുക അധികമായി നൽകിയിട്ടുണ്ടോ എന്നറിയാനുള്ള മാർഗ്ഗങ്ങൾ ഇല്ല. ഇത് സംബന്ധിച്ച രേഖകൾ ആധികാരികമാക്കി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

### 1-25 വിനിയോഗ സർട്ടിഫിക്കറ്റ് ഇല്ല.

പ്രോജക്ട് നമ്പർ – 25/20-21

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ചെങ്ങമനാട് ഗ്രമപഞ്ചായത്തിലെ തുരുത്ത് പാണ്ടിപ്പുഴ ജംഗ്ഷനിൽനിന്ന് കുണ്ടൂർ കനാൽ ഭാഗത്തേക്ക് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്ന പ്രോജക്ടിന് വേണ്ടി ബിൽ നമ്പർ 20110963018300/25.9.20 പ്രകാരം 500000 രൂപ വാട്ടർ അതോറിറ്റി ആലുവ ഡിവിഷന് നൽകിയിട്ടുണ്ട്. പ്രസ്തുത വേല പൂർത്തിയാക്കി ആയതിന്റെ വിനിയോഗസർട്ടിഫിക്കറ്റ് ഇല്ലാത്ത സാഹചര്യത്തിൽ ഈയിനത്തിൽ ചെലവാക്കിയ തുക തടസ്സത്തിൽ വയ്ക്കുന്നു.

### 1-26 കാലിബാരലിന്റെ വില ഈടാക്കിയില്ല

2020-21 വർഷം ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള റോഡ് ടാർ/റീടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ - RS1 & SS1- നുള്ള നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതനുസരിച്ചുള്ള നിരക്ക് കരാറുകാർക്ക് അനുവദിച്ചിട്ടുമുണ്ട്. എന്നാൽ ഫൈനൽ ബിൽ പ്രകാരം കരാറുകാർക്ക് തുക നൽകിയപ്പോൾ കാലി വീപ്പയുടെ വില കുറവു ചെയ്തതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെകൊടുക്കുന്നു.

| ക്രമ നം | പ്രോജക്റ്റ്നം, പേര് | ആകെ പ്രവൃത്തി മൂല്യം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് (കി.ഗ്രാം) | ബാരലുകളുടെ എണ്ണം | അളവു പുസ്തകം | ഈടാക്കേണ്ടതുക 238/ബാരൽ+ 18% GST | കരാറുകാരന്റെ പേര് | ബിൽനം, തീയതി |
|---|---|---|---|---|---|---|---|---|
| 1 | 84/21-കയ്യാലപ്പടി ചെറിയ വാപ്പാലശ്ശേരി റെയിൽവേ കോളനി റോഡ് റീടാറിംഗ് | 13,32,240 | 4723 Kg-VG30+601.91 Kg -Rs1 | 34 | 589/20-21, പേജ് നം.18, 19 | 8092+1457 | സിന്റോ.എം.എ | 100/ 27.03.2021 |
| 2 | 92/21- വാഴവളപ്പ് എസ്.സി.കോളനി സമഗ്ര വികസനം | 996253 | 1952 Kg-VG30+240 Kg -Rs1 | 15 | 565/19-20, പേജ് നം, 7,13,15,17 | 3570+643 | സിജു.കെ.ആർ | 27/ 21.05.2020 |
| 3 | 253/21- ശ്രീഭൂതപുരം റോഡ് പുനരുദ്ധാരണം | | 1242 Kg-VG30+150 Kg -Rs1 | 9 | 566/19-20, പേജ് നം.5,6,12,13 | 2142+386 | മനോജ്കുമാർ പി.എസ് | 35/ 21.05.2020 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| ആകെ | | | | | | 13804+2486 | | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.07 തീയതി 14.03.2022) മറുപടി ലഭ്യമാക്കിയില്ല. പാക്ക്ഡ് ബിറ്റുമിന്റെ നിരക്ക് കരാറുകാരന് അനുവദിച്ചിട്ടുള്ളതിനാൽ കാലിവീപ്പയുടെ വിലയായി 13,804/- രൂപ കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. കൂടാതെ GST ഇനത്തിൽ ഈടാക്കേണ്ട 2,486/- രൂപ കൂടി ഈടാക്കി അടയ്ക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 ശ്രീമൂല നഗരം ഗ്രാമ പഞ്ചായത്ത്-അകവൂർ-കുന്നവഴി റോഡ് കാന നിർമ്മാണം-അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ്.ഒ 140/21 ശ്രീമൂല നഗരം ഗ്രാമ പഞ്ചായത്ത്-അകവൂർ-കുന്നവഴി റോഡ് കാന നിർമ്മാണം |
| സാങ്കേതികാനുമതി | LSGD/TS/80357/20-21 Dated 23.10.2020 , Rs 6,00,000/- |
| കരാറുകാരന്റെ പേര്, എഗ്രീഡ് PAC | ശ്രീ. പോൾസൺ സെബാസ്റ്റ്യൻ |
| കരാർ നം | 18/AE/LSGD/PKD/20-21 തീയതി 02.02.2021 |
| ചെയ്ത വേലയുടെ മൂല്യം | 5,30,854/-(ബിൽ നം 90/22.03.2021) |
| അളവ് പുസ്തകം | 544/20-21 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |

പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിലെ ശ്രീമൂല നഗരം ഗ്രാമ പഞ്ചായത്തിൽ അകവൂർ-കുന്നവഴി റോഡ് കാന നിർമ്മാണം എന്ന പ്രവൃത്തിക്കായി പദ്ധതി രൂപീകരിക്കുകയും നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 102.5 മീ നീളത്തിലും, 80 സെ.മീ മീ വീതിയിലും 90.സെ.മീ. താഴ്ചയിലും കുഴിയെടുത്ത് കാന നിർമ്മിച്ചിരിക്കുന്നു. പ്രവൃത്തിയുടെ ഇനം 1 പ്രകാരം 80 സെ മീ വീതിയിൽ മണ്ണെടുത്തുമാറ്റുകയും, ഇനം 2 പ്രകാരം അതേ വീതിയിൽത്തന്നെ 10 സെ.മീ കനത്തിൽ 1.4.8 മിക്സിൽ ബെഡ് കോൺക്രീറ്റിംഗ് നൽകുകയും , ഇനം 3 പ്രകാരം ഇരുവശത്തും 15 സെ.മീ കനത്തിലുള്ള സൈഡ് വാൾ 1.3.6 മിക്സിൽ നിർമ്മിച്ചിരിക്കുന്നു( അളവ് പുസ്തകം പേജ് 6). ഇപ്രകാരം ചെയ്തതിനു ശേഷം 5 സെ.മീ. കനത്തിൽ കാനയുടെ ഉൾഭാഗം വെയറിംഗ് കോട്ട് നൽകിയിട്ടുണ്ട്. ഇരു വശവും 15 സെ.മീ. വീതിയിൽ സൈഡ് വാൾ നിർമ്മിച്ചിട്ടുള്ളതിനാൽ കാനയുടെ ഉൾഭാഗം 50 സെ.മീ. (80-15X2) വീതി മാത്രമേ ഉണ്ടാവുകയുള്ളൂ. എന്നാൽ അളവു പുസ്തകം പേജ് 8 ൽ 102.5 X 0.80 X 0.05 = 4.10 M3 എന്ന അളവിൽ വെയറിംഗ് കോട്ട് 1.2.4 മിക്സിൽ ചെയ്തതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥത്തിൽ 102.5 X 0.50 X 0.05 = 2.56 M3 അളവിൽ കോൺക്രീറ്റിംഗ് മാത്രമാണ് ആവശ്യമായി വരിക. ഇപ്രകാരം തെറ്റായി അളവ് രേഖപ്പെടുത്തിയതിനാൽ 1.54 M3 (4.10-2.56) കോൺക്രീറ്റിംഗിനുള്ള ചെലവ് 7150/-m3 എന്ന നിരക്കിൽ 11,011/രൂപ -+ 12 % GST കരാറുകാരന് അധികമായി നൽകാനിട വന്നിട്ടുണ്ട്.

വിശദവിവരങ്ങൾ ഖണ്ഡിക 3-5ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-28 എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകത

ബ്ലോക്ക് പഞ്ചായത്തിലെ താഴെ പറയുന്ന കാന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് വ്യത്യസ്ത രീതിയിലാണ് തയ്യാറാക്കിക്കാണുന്നത്. ചില പ്രവൃത്തികളിൽ Side Wall നിർമ്മിക്കുന്നതിന് 1.2.4 മിക്സിൽ RCC With 9 Mm Thick Plastering ഉൾപ്പെടുത്തിയപ്പോൾ മറ്റ് ചില വർക്കുകളിൽ പ്ലാസ്റ്ററിംഗ് ഉൾപ്പെടുത്തിയിട്ടില്ല. ചില വർക്കുകളിൽ പ്ലാസ്റ്ററിംഗ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയെങ്കിലും , ആ ഇനം ചെയ്യാതെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. ചില പ്രവൃത്തികളിൽ Side Wall 1.3.6 മിക്സിലും ചെയ്തിട്ടുണ്ട്.

| ക്രമ നം | പദ്ധതി നം, പേര് | പഞ്ചായത്ത് | Side Wall ചെയ്ത രീതി | കരാറുകാരൻ | സാങ്കേതി കാനുമതി |
|---|---|---|---|---|---|
| 1 | 41/21-പാലസ് റോഡ് തോട് | കുന്നുകര | RCC With 1.2.4 Mix , No Plastering | ജീസ്മോൻ എൻ.പി | 43564/20-21 /05.07.2020 |
| 2 | 140/21-അകവൂർ-കുന്നവഴി റോഡ് ഡ്രെയിൻ നിർമ്മാണം | ശ്രീമൂലനഗരം | 1.3.6 മിക്സ് , 9 Mm Thick Plastering | പോൾസൺ സെബാസ്റ്റ്യൻ | 80357/20-21 /23.10.2020 |
| 3 | 88/21-കിഴക്കേ ദേശം കനാൽ കോൺക്രീറ്റിംഗ് | ചെങ്ങമനാട് | CC With 1.2.4 Mix And 9 Mm Thick Plastering | ഇട്ടീര കെ.ഐ | ഫയലിൽ രേഖയില്ല |
| 4 | 141/21-കളത്തിക്കടവ് | കുന്നുകര | RCC With 1.2.4 Mix , No | സനൽകുമാർ | 70901/19-20 |

| | | | | | |
|---|---|---|---|---|---|
| | ഡ്രെയിൻ കംപ്ളീഷൻ | | Plastering | എ.ജി | /01.10.2019 |
| 5 | 83/21-കളത്തിക്കടവ് ഡ്രെയിൻ | കുന്നുകര | RCC With 1.2.4 Mix , 9 Mm Thick Plastering. (But Plastering Not Done) | സനൽകുമാർ എ.ജി | 80356/20-21 /23.10.2020 |
| 6 | 105/21-അകവൂർ-തിരുവൈരാണിക്കുളം ഡ്രെയിൻ | ശ്രീമൂലനഗരം | RCC With 1.2.4 Mix , 9 Mm Thick Plastering. (But Plastering Not Done) | ജീസ്മോൻ എൻ.പി. | 22759/1-20 /21.07.2019 |

1.2.4 മിക്സിൽ കോൺക്രീറ്റ് ചെയ്യതിന് പുറമേ പ്ലാസ്റ്ററിംഗ് നടത്തേണ്ട ആവശ്യമില്ലാത്തതാണ്. എന്നാൽ ക്രമ നം.3-ലെ പ്രവ്യത്തി 1.2.4 മിക്സിൽ ആയിട്ടും പ്ലാസ്റ്ററിംഗ് ചെയ്തിരിക്കുന്നു. ക്രമ നം.5, 6 എന്നിവയിലെ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പ്ലാസ്റ്ററിംഗ് ഒരിനമായി ഉൾപ്പെടുത്തിയെങ്കിലും അവ യഥാർത്ഥത്തിൽ ചെയ്യുകയുണ്ടായില്ല. ഏകദേശം ഒരേ കാലയളവിൽ സാങ്കേതികാനുമതി ലഭിച്ച ഈ പ്രവൃത്തികളിൽ വ്യത്യസ്ത രീതിയിൽ എസ്റ്റിമേറ്റ് എടുക്കുന്നുള്ള സാഹചര്യം വിശദീകരിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.09/14.03.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തികളുടെ തൃപ്തികരമായ പൂർത്തീകരണത്തിന് ആവശ്യമായ ഇനങ്ങൾ മാത്രം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 ബ്ലോക്ക് ഓഫീസ് പുനരുദ്ധാരണം- പൊളിച്ച് നീക്കിയ സാധനങ്ങൾ ലേലം ചെയ്ത് വിറ്റൊഴിച്ചില്ല

മെയിന്റനൻസ്(റോഡിതരം) ഫണ്ടിനത്തിൽ 5,56,000/- രൂപ വകയിരുത്തി നടപ്പിലാക്കിയ ബ്ലോക്ക് ഓഫീസ് പുനരുദ്ധാരണം (SO 53/21) എന്ന പദ്ധതിയുടെ നിർവ്വഹണത്തിന്റെ ഭാഗമായി പൊളിച്ചു നീക്കിയ പഴയ ജനലുകൾ, വാതിലുകൾ, ഗ്രിൽ ഇടങ്ങിയവ ലേലം ചെയ്ത് വിൽക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ വാല്യൂവേഷൻ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 43,923/-രൂപയാണ് ഇവയുടെ മൂല്യം നിശ്ചയിച്ച് നൽകിയിട്ടുള്ളത്. ഈ സാധനങ്ങൾ ലേലം നടത്തി വിൽപ്പന നടത്തിയിട്ടുണ്ടെങ്കിൽ ലഭ്യമായ തുകയുടെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം.17/16.03.2022) മറുപടി ലഭ്യമാക്കിയില്ല. പൊളിച്ച് നീക്കിയ സാധനങ്ങൾ ലേലം ചെയ്ത് വിറ്റൊഴിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-30 മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല

ബ്ലോക്ക് പഞ്ചായത്തിലെ താഴെ പറയുന്ന നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായി ലഭിച്ച മണ്ണ് സ്റ്റാക്ക് ചെയ്ത് ലേലം ചെയ്ത് വിൽക്കുന്നതിന് സർവ്വേ റിപ്പോർട്ട് തയ്യാറാക്കിയതായി കാണുന്നു.

| ക്രമ നം | പദ്ധതി നം, പേര് | പഞ്ചായത്ത് | ലഭിച്ച മണ്ണ് | സർവ്വേ റിപ്പോർട്ട് പ്രകാരം മണ്ണിന്റെ വില | കരാറുകാരൻ |
|---|---|---|---|---|---|
| 1 | 141/21-കളത്തിക്കടവ് ഡ്രെയിൻ നിർമ്മാണം | കുന്നുകര | 47.52 M3 | 7430/- | സനൽകുമാർ എ.ജി |
| 2 | 83/21-കളത്തിക്കടവ് ഡ്രെയിൻ നിർമ്മാണം | കുന്നുകര | 36.41m3 | 8,135/- | സനൽകുമാർ എ.ജി |
| 3 | 105/21-അകവൂർ-തിരുവൈരാണിക്കുളം ഡ്രെയിൻ നിർമ്മാണം | ശ്രീമൂലനഗരം | 67 M3 | 14,864/- | പോൾസൺ സെബാസ്റ്റ്യൻ |
| 4 | 113-തച്ചപ്പിള്ളി എസ്.സി. കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം | കുന്നുകര | 5.88 M3 | 4389/- | അജയ്കുമാർ പുത്തൻപുരക്കൽ |

മണ്ണ് ലേലം നടത്തി വിൽപ്പന നടത്തിയെങ്കിൽ ലഭ്യമായ തുകയുടെ വിശദാംശങ്ങൾ, ലഭ്യമാക്കമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം.10/14.03.2022) മറുപടി ലഭ്യമാക്കിയില്ല. മേൽ പദ്ധതികളുടെ ഭാഗമായി ലഭിച്ച മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-31 ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ- സർക്കാർ നിർദ്ദേശം പാലിച്ചില്ല

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | 9/20-21, ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ |
| അടങ്കൽ | ₹ 1,00,000/- (തനത് ഫണ്ട്) |
| ചെലവ് | ₹ 99,724/- |
| ചെക്ക് നമ്പർ | 1423158/12.11.2020 |

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | 134/20-21, ബ്ലോക്ക് ഓഫീസ് നവീകരണ പ്രവർത്തനങ്ങൾ |
| അടങ്കൽ | 13,74,518/- (മെയിന്റനൻസ് ഗ്രാന്റ്-നോൺറോഡ്) |
| ചെലവ് | ₹ 1,76,936/- |
| ബിൽ നമ്പർ | 17/11.11.2020- ₹ 1,49,586<br>19/11.11.2020- ₹ 27,350 |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി. |

മേൽ പ്രോജക്ടുകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് 5 ഡെസ്ക് ടോപ് കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്.

ജി.ഒ.(പി) നം.10/2019/എസ്.പി.ഡി. തീയതി 22.08.2019 പ്രകാരം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ മുഖേന വാങ്ങേണ്ടതാണ്. സർക്കുലർ നമ്പർ ഐ.ടി. സെൽ-1/26/2019 വി.സ.വ തീയതി 18.03.2019 പ്രകാരം Www.cprcs.kerala.gov.in എന്ന പോർട്ടലിൽ ലഭ്യമായ കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ, ഫോട്ടോകോപ്പിയറുകൾ മുതലായവ വാങ്ങുന്നതിന് മറ്റ് വാങ്ങൽ രീതികൾ അനുവദിക്കുന്നതല്ല. Cprcs ൽ ഉൾപ്പെട്ട ഉപകരണം മറ്റ് രീതിയിൽ വാങ്ങുമ്പോൾ ഉണ്ടാകുന്ന നഷ്ടം ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാദ്ധ്യത ആയിരിക്കുമെന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.
മേൽ പദ്ധതിയിൽ 2,49,310/- രൂപ ചെലവഴിച്ച് 5 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ, വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.
1. കമ്പ്യൂട്ടറുകൾ Cprcs മുഖേന വാങ്ങിയാൽ ഒരു മാസത്തിലധികം കാലതാമസം വരുമെന്നതിനാൽ പഞ്ചായത്ത് കമ്മിറ്റിയുടെ 23.01.2021 ലെ 1(4) നമ്പർ തീരുമാന പ്രകാരം ടെൻഡർ മുഖേന Avalon Systems And Services കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും ആണ് വാങ്ങിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 07.09.2020 ലെ ഡിഎ1/153/2020 നമ്പർ സർക്കുലർ മുഖേന ലാപ്ടോപ്പുകൾ ലഭ്യമാകുന്നതിന് ഒരു മാസത്തിലധികം കാലതാമസമുണ്ടാകുന്ന സാഹചര്യത്തിൽ പട്ടികജാതി, പട്ടിക വർഗ്ഗ, മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിന് ആവശ്യമായ ലാപ്ടോപ്പുകൾ കാലതാമസം കൂടാതെ ലഭ്യമാക്കുവാൻ മാത്രമാണ് ടെൻഡർ / ഇ-ടെൻഡർ മുഖേന വാങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ളത്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങൾക്ക് ആവശ്യമായ ലാപ്ടോപ്പുകൾ Cprcs പോർട്ടലിൽ നിന്ന് തന്നെ വാങ്ങണമെന്ന് ഈ സർക്കുലറിൽ വ്യക്തമാക്കിയിട്ടുമുണ്ട്.
സർക്കാരിന്റെ ഓൺലൈൻ പോർട്ടലിലൂടെയല്ലാതെ കമ്പ്യൂട്ടർ വാങ്ങാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത സമയത്ത് Cprcs ൽ പ്രസിദ്ധീകരിച്ച മിഡ് ലെവൽ സ്പെസിഫിക്കേഷനിലുള്ള ( I3, 4GB RAM,1TB, Win 10 Home) ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറിന്റെ വില പ്രളയ സെസ് ഉൾപ്പെടെ 33154/- രൂപയാണ്. ടെൻഡർ മുഖേന പഞ്ചായത്ത് 49,862/- രൂപ നിരക്കിലാണ് കമ്പ്യൂട്ടറുകൾ വാങ്ങിയത്. ആയതിനാൽ 5 കമ്പ്യൂട്ടറുകൾ വാങ്ങിയതിന് ആകെ 83,540/- രൂപ നഷ്ടം വന്നിട്ടുണ്ട്(49862-33154=16708) X5.

2. വാങ്ങിയ കമ്പ്യൂട്ടറുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. കമ്പ്യൂട്ടറുകൾ എവിടെയൊക്കെയാണ് ഇൻസ്റ്റാൾ ചെയ്തത് എന്നതിലും വ്യക്തതയില്ല.

3. കോവിഡ് സാഹചര്യത്തിൽ ഓൺലൈൻ മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിന് ആവശ്യമായ കമ്പ്യൂട്ടറുകളും ഉപകരണങ്ങളും വാങ്ങാനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടത്. ഈ ആവശ്യത്തിലേക്ക് ലാപ്ടോപ്പുകളാണ് കൂടുതൽ ഉചിതമെന്നിരിക്കെ വില കൂടിയ ഡെസ്ക്ടോപ്പുകൾ വാങ്ങിയതിന് വിശദീകരണം നൽകേണ്ടതാണ്.

സർക്കാർ ഉത്തരവിനും സർക്കുലറുകൾക്കും വിരുദ്ധമായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം.16/16.03.2022) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ഖണ്ഡിക 3-6ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-32 ബ്ലോക്ക് ഓഫീസ് നവീകരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ, പേര് | S0134/21 ,ബ്ലോക്ക് ഓഫീസ് നവീകരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹ 1374518 (എം.ജി. – എൻ.ആർ.) |
| ചെലവ് | ₹176936/-<br>(ബിൽ നം.132/11.11.2020 - ₹149586<br>ബിൽ നം. 133/11.11.20 – ₹ 27350) |

ബ്ലോക്ക് ഓഫീസ് നവീകരണം എന്ന പേരിൽ ആവിഷ്കരിച്ച മേൽ പദ്ധതിയിൽ പ്രധാനമായും, ബി.ഡി.ഒ.യുടെ റൂം പാനൽ ചെയ്യൽ, ഓഫീസ് ക്യാബിൻ തിരിക്കൽ, എക്സിക്യൂട്ടീവ് ഫർണ്ണീച്ചറുകൾ സെറ്റ് ചെയ്യൽ തുടങ്ങിയ പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്. ടെണ്ടർ ക്ഷണിക്കാതെ, സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ ARTCO മുഖേനയാണ് മേൽ പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുള്ളത്. ARTCO ലഭ്യമാക്കിയ പ്രൊഫോർമ്മ ഇൻവോയ്സ് നം 4212 തീയതി 14.02.2020 പ്രകാരമുള്ള നിരക്കുകൾ അംഗീകരിച്ച് 09.04.2020 ലെ ബി-1965എ/20 നമ്പർ കത്ത് പ്രകാരം വർക്ക് ഓർഡർ നൽകി, 06.11.2020 ൽ സ്ഥാപനവുമായി കരാറിലേർപ്പെട്ട് പ്രവൃത്തി പൂർത്തിയാക്കുകയും, 04.01.2021 ൽ സ്ഥാപനം ബിൽ നൽകുകയും ചെയ്തു. എന്നാൽ ബിൽ പ്രകാരമുള്ള തുക ഓഡിറ്റ് തീയതിയിലും നൽകിയിട്ടില്ല. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ARTCO നൽകിയ പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള നിരക്കുകൾ അംഗീകരിച്ചത്

എന്തടിസ്ഥാനത്തിലാണെന്നതിൽ വ്യക്തതയില്ല. ഏത് സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്കുകളാണ് സ്ഥാപനം ക്വോട്ട് ചെയ്തിട്ടുള്ളത് എന്നതിലും വ്യക്തതയില്ല. സുസജ്ജമായ ഒരു എഞ്ചിനീയറിംഗ് വിംഗ്, ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ തന്നെ പ്രവർത്തിക്കുന്നുണ്ടായിട്ടും, നിരക്കുകളുടെ ആധികാരികത അവരെക്കൊണ്ട് പരിശോധിപ്പിച്ചതായി കാണുന്നില്ല.

2. പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം വാല്യുവേഷൻ എടുക്കുന്നതിന് MGNREGA എഞ്ചിനീയറോട് 22.01.2021 ലെ വി1/170/21 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടതായി കാണുന്നു. 18.02.2021 ൽ നൽകിയ വാല്യുവേഷൻ റിപ്പോർട്ടിൽ ചില ഇനങ്ങൾക്ക് സർക്കാർ അംഗീകൃത നിരക്കല്ല ബിൽ പ്രകാരമുള്ളത് എന്ന് പരാമർശിക്കുന്നുണ്ടെങ്കിലും തുടർനടപടി സ്വീകരിച്ചില്ല. എൽ.എസ്.ജി.ഡി. എഞ്ചിനീയറെക്കൊണ്ട് വാല്യുവേഷൻ എടുപ്പിക്കാതെ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന MGNREGA എഞ്ചിനീയറെക്കൊണ്ട് മൂല്യനിർണ്ണയം നടത്തിയത് ശരിയായ നടപടിയല്ല.

3. നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ARTCO നൽകിയ 16,45,982/-രൂപയുടെ ബിൽ (ഇൻവോയ്സ് നം KKD354/04.01.2021) പ്രകാരം 18 ഇനം പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്. ക്യാബിൻ തിരിക്കൽ, ജിപ്സം ബോർഡ് പാനലിംഗ് നിലവിലെ ഫർണ്ണീച്ചറുകളുടെ മുകളിൽ ലാമിനേറ്റഡ് ഷീറ്റ് ഒട്ടിക്കൽ , എക്സിക്യൂട്ടീവ് ചെയർ, ഇലക്ട്രിഫിക്കേഷൻ വർക്കുകൾ തുടങ്ങിയവയാണ് ചെയ്ത ഇനങ്ങൾ. ഇതിൽ ചെയർ, ഇലക്ട്രിക്കൽ വർക്ക് എന്നിവക്കൊഴികെ ച.മീ അടിസ്ഥാനത്തിലാണ് തുക കണക്കാക്കിയിരിക്കുന്നത്. ഒരു ച.മീ. ക്ക് ബാധകമായ നിരക്കിന്റെ കൃത്യത ഉറപ്പിക്കാനാവശ്യമായ ഡാറ്റ ഫയലില്ല. സ്ഥാപനവുമായി ഉണ്ടാക്കിയ കരാർ വർക്ക്സ് കോൺട്രാക്ട് ആയാണോ പർച്ചേസ് ആയാണോ വരുന്നത് എന്നതിലും വ്യക്തതയില്ല.

4. നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ARTCO നൽകിയ 16,45,982/-രൂപയുടെ ബില്ല് ആദ്യം പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകരിച്ചെങ്കിലും, പിന്നീട് പ്രവൃത്തിയുടെ ഗുണമേന്മയിലും, മൂല്യത്തിലും അതൃപ്തി രേഖപ്പെടുത്തുകയുാണ് ചെയ്തത്(26/08/2021 ലെ 2(2) നമ്പർ തീരുമാനം). ബിൽത്തുകക്കനുസരിച്ചുള്ള പ്രവൃത്തികൾ നിർവ്വഹിച്ചിട്ടില്ലെന്ന് പഞ്ചായത്ത് കമ്മറ്റിക്ക് തന്നെ ബോധ്യപ്പെട്ട സാഹചര്യത്തിൽ ഈ പദ്ധതി സംബന്ധിച്ച് സമഗ്രമായ ഒരു അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഡിജിറ്റൽ ബ്ലോക്ക് പഞ്ചായത്ത്- പദ്ധതി ഉപകാരപ്രദമായില്ല

പദ്ധതി അടങ്കൽ – ₹ 2,00,000/-

ചെലവ് തുക – ₹ 1,99,000/-

പ്രോജക്ട് നമ്പർ എസ്.ഒ. 136/21 പ്രകാരം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഡിജിറ്റൽ ബ്ലോക്ക് പഞ്ചായത്ത് എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും200000 രൂപയാണ് പദ്ധതി അടങ്കൽ. (ചെലവ് തുക 199000/- , ബിൽ നമ്പർ 2011096301830090 5858/7.1.21) ഗൂഗിൾ പ്ലേ സ്റ്റോറിൽനിന്നും ഈ ആപ്പ് ഡൌൺലോഡ് ചെയ്ത് പൊതു ജനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയാൻ സാധിക്കുകയും എസ് എം എസ് സംവിധാനത്തിലൂടെ മൊബൈൽ വഴി ഓരോ ദിവസത്തെയും വാർത്തകളും വിവരങ്ങളും ജനങ്ങളെ അറിയിക്കാൻ സാധിക്കുകയും ചെയ്യും എന്നതാണ് പ്രോജക്ടിന്റെ പ്രധാന പ്രവർത്തനവും ലക്ഷ്യവും. വെബ് ആപ്ലിക്കേഷൻ ആൻഡ്രോയ്ഡ് ആപ്ലിക്കേഷൻ, ബ്ലോക്ക് പഞ്ചായത്ത് ഡയറക്ടറി, അഡ്മിൻ സൈഡ് ആപ്ലിക്കേഷൻ, എസ്എം എസ് മാനേജ്മെന്റ് സിസ്റ്റം എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്.

മേൽപ്പറഞ്ഞ പദ്ധതിക്കായി 14.8.20 -ൽ മാതൃഭൂമി പത്രത്തിൽ പരസ്യം പ്രസിദ്ധീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും പരസ്യം സംബന്ധിച്ച രേഖകൾ ഒന്നും ഫയലിൽ ഇല്ല. 24.8.20- ൽ ടെണ്ടർ പരിശോധിച്ചതിൽ രണ്ട് സ്ഥാപനങ്ങളാണ് ടെണ്ടർ സമർപ്പിച്ചിരിക്കുന്നത് എന്ന് കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനം | ഫോൺ നമ്പർ | ടെണ്ടർ നിരക്ക് |
|---|---|---|
| ഹൊറൈസൺ ടെക്നോളജീസ്, തപസ്യ ബ്ലോക്ക്, ഇൻഫോ പാർക്ക്, കൊച്ചി (മനോജ് വർഗീസ്, കയ്യാനിക്കൽ വീട്, ചക്കുപള്ളം, ഇടുക്കി) | 9447195333<br>9539093879 | 199000 |
| നെറ്റ് വെൻച്വർ, പുളിക്കേക്കര ടവർ, ചങ്ങമ്പുഴ പാർക്ക്, കൊച്ചി (ജിനോ സേവ്യർ ) | 9539093879 | 200000 |

മേൽപ്പറഞ്ഞ രണ്ടു സ്ഥാപനങ്ങളുടെയും ഫോൺ നമ്പർ ആയി 9539093879 എന്ന ഒരേ നമ്പർ ആണ്

കാണിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ ഇതു രണ്ടും ഒരേ സ്ഥാപനമാണ് എന്ന് വ്യക്തമാണ്. തന്നെയുമല്ല ഹൊറൈസൺ ടെക്നോളജീസ് എന്ന സ്ഥാപനത്തിന്റെ സൈറ്റിൽ പ്രവേശിച്ച് നോക്കിയതിൽ ബിസിനസ് കോണ്ടാക്ട്-നായി ചേർത്തിരിക്കുന്നത് രണ്ടാമത് ടെണ്ടർ സമർപ്പിച്ചിരിക്കുന്ന നെറ്റ് വെൻചർ, എന്ന സ്ഥാപനത്തിന്റെ ടെണ്ടറിൽ ഒപ്പിട്ടിരിക്കുന്ന ജിനോ സേവ്യർ എന്ന പേരാണ്. നെറ്റ് വെൻചർ, എന്ന സ്ഥാപനത്തിന്റെ സൈറ്റിൽ പ്രവേശിച്ച് നോക്കിയതിൽ ആയത് പെർമനന്റ് ലി ക്ലോസ്ഡ് എന്നാണ് കാണുന്നത്.

ഇതിന്റെ പ്രോജക്ട് റിപ്പോർട്ടിൽ എസ്.എം.എസ്. സംവിധാനത്തിലൂടെ ബ്ലോക്ക് പഞ്ചായത്തിലെ എല്ലാ ജനങ്ങൾക്കും വാർത്തകളും മറ്റ് അനുബന്ധ വിവരങ്ങളും ലഭ്യമാക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അപ്രകാരം എല്ലാവർക്കും സന്ദേശങ്ങൾ ലഭിച്ചിട്ടില്ല. പൊതുജനങ്ങളുടെ ഫോൺ നമ്പറുകൾ എങ്ങനെ കളക്ട് ചെയ്യുമെന്നോ കളക്ട് ചെയ്തതായോ രേഖയില്ല. ഇക്കാര്യങ്ങൾ നടപ്പാക്കുന്നതിന് ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. ഇപ്രകാരം ഒരു വെബ്സൈറ്റ് നിലവിലുള്ളതായി പൊതുജനങ്ങളെ അറിയിച്ചിട്ടുള്ളതായോ ഈ പ്രോജക്ട് നടപ്പിലാക്കിയതുകൊണ്ട് പൊതുജനങ്ങൾക്ക് എന്തെങ്കിലും പ്രയോജനം ഉണ്ടായതായോ കാണുന്നില്ല. തന്നെയുമല്ല നിലവിൽ ഈ വെബ്സൈറ്റ് പ്രവർത്തിക്കുന്നില്ല. പദ്ധതി അടങ്കൽ എപ്രകാരമാണ് കണക്കാക്കിയതെന്ന് വ്യക്തമല്ല.

ഇപ്രകാരം ഒരു വ്യക്തിയിൽനിന്ന് മാത്രം ടെണ്ടർ സ്വീകരിച്ച് പദ്ധതി അടങ്കലിൽ നിന്നും 1,000/- രൂപ മാത്രം കിഴിവ് നൽകി ടെണ്ടർ ഉറപ്പിച്ച് തുക നൽകിയതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 10.3.2022 - ൽ 1 -ാം നമ്പർ ആയി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും ആയതിന് മറുപടി നൽകിയിട്ടില്ല.

ഇതിൽ നിന്നും വ്യക്തമാകുന്നത് തുടർന്നുകൊണ്ട് പോകാൻ സാധിക്കുമോ എന്ന് പരിശോധിക്കാതെ ഒരു പ്രോജക്ട് തയ്യാറാക്കി തുക ചെലവഴിച്ചു എന്നതാണ്.

ഒരു സ്ഥാപനത്തിന്റെ തന്നെ ടെണ്ടർ രണ്ട് പേരിൽ സ്വീകരിച്ചത് ആ സ്ഥാപനത്തിന് തന്നെ ടെണ്ടർ നൽകാൻ ഉദ്ദേശിച്ചുകൊണ്ട് ആയിരുന്നു എന്നത് വ്യക്തമാണ്. ആയതിനാലും ഈ നിരക്കിന്റെ ആധികാരികത വ്യക്തമല്ലാത്തതിനാലും ഈ പ്രോജക്ട് ജനത്തിന് ഉപയോഗപ്രദം ആയിട്ടില്ലാത്തതിനാലും ഈയിനത്തിൽ ചെലവാക്കിയ 1,99,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ഈ പ്രോജക്ടിന്റെ നടത്തിപ്പ് സംബന്ധിച്ച് തുടർ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

## 3-2 മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

പ്രൊജക്ട് നം. 13/21, പാലിയേറ്റീവ് കെയർ സെക്കന്റ് ഫേസ്, (അടങ്കൽ - 1116440/- രൂപ, ഫണ്ട് – വികസന ഫണ്ട് (പൊതു വിഭാഗം), ചെലവ് - 11160098/- രൂപ .) എന്ന പദ്ധതിക്കായി ബിൽ നം 33/20-21, 28177/- പ്രകാരം സപ്ലൈകോയിൽ നിന്ന് മരുന്ന് വാങ്ങിയതിന് ഇൻവോയ്സ് നം 0703306/2047 Dt 12-11-20 പ്രകാരം 9977/- രൂപ നൽകിയിട്ടുള്ളതാണ് എങ്കിലും വീണ്ടും ബിൽ നം 39/20-21 , തീ 28-1-21 56526/- പ്രകാരമുള്ള ബില്ലിലും ഇതേ ഇൻവോയ്സ് പ്രകാരമുള്ള 9977/ രൂപ നൽകിയതായി കാണുന്നു. വിശദീകരണം ആശ്യപ്പെട്ടുകൊണ്ട് നൽകിയ 14-3-22 ലെ ഓഡിറ്റ് എൻക്വയറി നം 5ന് മറുപടി ലഭ്യമാക്കിയില്ല. അധികമായി നൽകിയ 9977/ രൂപ ഓഡിറ്റ് നിരാകരിക്കുന്നു. നഷ്ടതുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-3 ശ്രവണ സഹായി വാങ്ങി നൽകൽ- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | ശ്രവണ സഹായി വാങ്ങി നൽകൽ- വനിത-പ്രോജക്ട് നം127/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ചൈൽഡ് ഡെവലപ്പമെന്റ് പ്രോജക്ട് ഓഫീസർ |
| അടങ്കൽ | അടങ്കൽ 200000/-(വികസന ഫണ്ട് -ജനറൽ) |
| ചെലവ് | ചെലവ്-195030/-BRN-20110963017700539810 തീ 22-9-2020 |

മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെപ്പറയും പ്രകാരം അപാകതകളുണ്ട്.

പ്രോജക്ട് നം 127/21 പ്രകാരം വിതരണ രജിസ്റ്റർ ക്രമ നം.7ൽ രേഖപ്പെടുത്തിയിട്ടുള്ള കത്രീന എം.പി. എന്ന ഗുണഭോക്താവിന് ഹിയറിങ്ങ് എയിഡ് ആവശ്യമില്ല എന്ന ഡോക്ടറുടെ നിർദേശത്തിന് വിരുദ്ധമായി ഉപകരണം നൽകിയതായി കാണുന്നു. കേരള സ്റ്റേറ്റ് ഹാൻഡികാപ്പ്ഡ് പേർസൺസ് വെൽഫെയർ കോർപറേഷൻ ലിമിറ്റഡിൽ നിന്ന് 33 ശ്രവണ സഹായി വാങ്ങിയതിന് ഒരെണ്ണത്തിന് 5,910/- പ്രകാരം 1,95,030/- രൂപയാണ് ചെലവായിട്ടുള്ളത് (ഇൻവോയ്സ് നം.564 തീ 24-8-20). അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. ഡോക്ടറുടെ നിർദേശത്തിന് വിരുദ്ധമായി ഗുണഭോക്താവിന് നൽകിയ ശ്രവണ സഹായിയുടെ വിലയായ 5,910/-രൂപയുടെ ചെലവ് ഓഡിറ്റ് നിരാകരിക്കുന്നു.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 11-3-22 ലെ ഓഡിറ്റ് എൻക്വയറി നം 2 ന് മറുപടി ലഭ്യമാക്കിയില്ല. അപാകതയ്ക്ക് വിദശദീകരണം നൽകേണ്ടതും നഷ്ടത്തുക ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 3-4 കാലി ബാരലിന്റെ വില ഈടാക്കിയില്ല

2020-21 വർഷം ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള റോഡ് ടാർ/റീടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ - RS1 & SS1- നുള്ള നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതനുസരിച്ചുള്ള നിരക്ക് കരാറുകാർക്ക് അനുവദിച്ചിട്ടുമുണ്ട്. എന്നാൽ ഫൈനൽ ബിൽ പ്രകാരം കരാറുകാർക്ക് തുക നൽകിയപ്പോൾ കാലി വീപ്പയുടെ വില കുറവു ചെയ്തതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെകൊടുക്കുന്നു.

| ക്രമ നം | പ്രോജക്റ്റ്നം, പേര് | ആകെ പ്രവൃത്തി മൂല്യം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് (കി.ഗ്രാം) | ബാരലുകളുടെ എണ്ണം | അളവു പുസ്തകം | ഈടാക്കേണ്ടതുക 238/ബാരൽ+ 18% GST | കരാറുകാരന്റെ പേര് | ബിൽനം, തീയതി |
|---|---|---|---|---|---|---|---|---|
| 1 | 84/21-കയ്യാല പ്പടി ചെറിയ വാപ്പാലശ്ശേരി റെയിൽവേ കോളനി റോഡ് റീടാറിംഗ് | 13,32,240 | 4723 Kg-VG30+601.91 Kg -Rs1 | 34 | 589/20-21, പേജ് നം.18, 19 | 8092+1457 | സിന്റോ.എം.എ | 100/ 27.03.2021 |
| 2 | 92/21- വാഴവളപ്പ് എസ്.സി.കോളനി സമഗ്ര വികസനം | 996253 | 1952 Kg-VG30+240 Kg -Rs1 | 15 | 565/19-20, പേജ് നം, 7,13,15,17 | 3570+643 | സിജു.കെ.ആർ | 27/ 21.05.2020 |
| 3 | 253/21- ശ്രീഭൂതപുരം റോഡ് പുനരുദ്ധാരണം | | 1242 Kg-VG30+150 Kg -Rs1 | 9 | 566/19-20, പേജ് നം.5,6,12,13 | 2142+386 | മനോജ്കുമാർ പി.എസ് | 35/ 21.05.2020 |
| ആകെ | | | | | | 13804+2486 | | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.07 തീയതി 14.03.2022) മറുപടി ലഭ്യമാക്കിയില്ല. പാക്ക്ഡ് ബിറ്റുമിന്റെ നിരക്ക് കരാറുകാരന് അനുവദിച്ചിട്ടുള്ളതിനാൽ കാലിവീപ്പയുടെ വിലയായി 13,804/- രൂപ കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. കൂടാതെ GST ഇനത്തിൽ ഈടാക്കേണ്ട 2,486/- രൂപ കൂടി ഈടാക്കി അടയ്ക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 ശ്രീമൂല നഗരം ഗ്രാമ പഞ്ചായത്ത്-അകവൂർ-കുന്നുവഴി റോഡ് കാന നിർമ്മാണം-അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ്.ഒ 140/21 ശ്രീമൂല നഗരം ഗ്രാമ പഞ്ചായത്ത്-അകവൂർ-കുന്നുവഴി റോഡ് കാന നിർമ്മാണം |
| സാങ്കേതികാനുമതി | LSGD/TS/80357/20-21 Dated 23.10.2020 , Rs 6,00,000/- |
| കരാറുകാരന്റെ പേര്, എഗ്രീഡ് PAC | ശ്രീ. പോൾസൺ സെബാസ്റ്റ്യൻ |
| കരാർ നം | 18/AE/LSGD/PKD/20-21 തീയതി 02.02.2021 |
| ചെയ്ത വേലയുടെ മൂല്യം | 5,30,854/-(ബിൽ നം 90/22.03.2021) |
| അളവ് പുസ്തകം | 544/20-21 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |

പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിലെ ശ്രീമൂല നഗരം ഗ്രാമ പഞ്ചായത്തിൽ അകവൂർ-കുന്നുവഴി റോഡ് കാന നിർമ്മാണം എന്ന പ്രവൃത്തിക്കായി മേൽ പ്രകാരം പദ്ധതി രൂപീകരിക്കുകയും നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 102.5 മീ നീളത്തിലും, 80 സെ.മീ മീ വീതിയിലും 90.സെ.മീ. താഴ്ചയിലും കുഴിയെടുത്ത് കാന നിർമ്മിച്ചിരിക്കുന്നു. പ്രവൃത്തിയുടെ ഇനം 1 പ്രകാരം 80 സെ മീ വീതിയിൽ മണ്ണെടുത്തുമാറ്റുകയും, ഇനം 2 പ്രകാരം അതേ വീതിയിൽത്തന്നെ 10 സെ.മീ കനത്തിൽ 1.4.8 മിക്സിൽ ബെഡ് കോൺക്രീറ്റിംഗ് നൽകുകയും , ഇനം 3 പ്രകാരം ഇരുവശത്തും 15 സെ.മീ കനത്തിലുള്ള സൈഡ് വാൾ 1.3.6 മിക്സിൽ നിർമ്മിച്ചിരിക്കുന്നു( അളവ് പുസ്തകം പേജ് 6). ഇപ്രകാരം ചെയ്തതിനു ശേഷം 5 സെ.മീ. കനത്തിൽ കാനയുടെ ഉൾഭാഗം വെയറിഗ് കോട്ട് നൽകിയിട്ടുണ്ട്. ഇരു വശവും 15 സെ.മീ. വീതിയിൽ സൈഡ് വാൾ നിർമ്മിച്ചിട്ടുള്ളതിനാൽ കാനയുടെ ഉൾഭാഗം 50 സെ.മീ. (80-15X2) വീതി മാത്രമേ ഉണ്ടാവുകയുള്ളൂ. എന്നാൽ അളവു പുസ്തകം പേജ് 8 ൽ 102.5 X 0.80 X 0.05 = 4.10 M3 എന്ന അളവിൽ വെയറിംഗ് കോട്ട് 1.2.4 മിക്സിൽ ചെയ്തതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥത്തിൽ 102.5 X 0.50 X 0.05 = 2.56 M3 അളവിൽ കോൺക്രീറ്റിഗ് മാത്രമാണ് ആവശ്യമായി വരിക. ഇപ്രകാരം തെറ്റായി അളവ് രേഖപ്പെടുത്തിയതിനാൽ 1.54 M3 (4.10-2.56) കോൺക്രീറ്റിംഗിനുള്ള ചെലവ് 7150/-m3 എന്ന നിരക്കിൽ 11,011/രൂപ -+ 12 % GST കരാറുകാരന് അധികമായി നൽകാനിട വന്നിട്ടുണ്ട്.

കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.08/14.03.2022) മറുപടി ലഭ്യമാക്കിയില്ല. നഷ്ടമുണ്ടാക്കിയ 12,332/- രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി വിവരം

അറിയിക്കേണ്ടതാണ്.

## 3-6 ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ- സർക്കാർ നിർദ്ദേശം പാലിച്ചില്ല

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | 9/20-21, ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ |
| അടങ്കൽ | 1,00,000/- (തനത് ഫണ്ട്) |
| ചെലവ് | 99,724/- |
| ചെക്ക് നമ്പർ | 1423158/12.11.2020 |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പദ്ധതിയുടെ നമ്പർ, പേര് | 134/20-21, ബ്ലോക്ക് ഓഫീസ് നവീകരണ പ്രവർത്തനങ്ങൾ |
| അടങ്കൽ | 13,74,518/- (മെയിന്റനൻസ് ഗ്രാന്റ്-നോൺറോഡ്) |
| ചെലവ് | 1,76,936/- |
| ബിൽ നമ്പർ | 17/11.11.2020-1,49,586<br>19/11.11.2020- 27,350 |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി. |

മേൽ പ്രോജക്റ്റുകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് 5 ഡെസ്ക് ടോപ് കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്.

ജി ഒ (പി) നം.10/2019/എസ് പി ഡി തീയതി 22.08.2019 പ്രകാരം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ മുഖേന വാങ്ങേണ്ടതാണ്. സർക്കുലർ നമ്പർ ഐടി സെൽ-1/26/2019 വി.സ.വ തീയതി 18.03.2019 പ്രകാരം Www.cprcs.kerala.gov.in എന്ന പോർട്ടലിൽ ലഭ്യമായ കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ ഫോട്ടോകോപ്പിയറുകൾ മുതലായവ വാങ്ങുന്നതിന് മറ്റ് വാങ്ങൽ രീതികൾ അനുവദിക്കുന്നതല്ല. Cprcs ൽ ഉൾപ്പെട്ട ഉപകരണം മറ്റ് രീതിയിൽ വാങ്ങുമ്പോൾ ഉണ്ടാകുന്ന നഷ്ടം ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാദ്ധ്യത ആയിരിക്കുമെന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.
മേൽ പദ്ധതിയിൽ 2,49,310/- രൂപ ചെലവഴിച്ച് 5 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ, വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. കമ്പ്യൂട്ടറുകൾ Cprcs മുഖേന വാങ്ങിയാൽ ഒരു മാസത്തിലധികം കാലതാമസം വരുമെന്നതിനാൽ പഞ്ചായത്ത് കമ്മിറ്റിയുടെ 23.01.2021 ലെ 1(4) നമ്പർ തീരുമാന പ്രകാരം ടെൻഡർ മുഖേന Avalon Systems And Services കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും ആണ് വാങ്ങിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 07.09.2020 ലെ ഡിഎ1/153/2020 നമ്പർ സർക്കുലർ മുഖേന ലാപ്ടോപ്പുകൾ ലഭ്യമാകുന്നതിന് ഒരു മാസത്തിലധികം കാലതാമസമുണ്ടാകുന്ന സാഹചര്യത്തിൽ പട്ടികജാതി, പട്ടിക വർഗ്ഗ, മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിന് ആവശ്യമായ ലാപ്ടോപ്പുകൾ കാലതാമസം കൂടാതെ ലഭ്യമാക്കുവാൻ മാത്രമാണ് ടെൻഡർ / ഇ-ടെൻഡർ മുഖേന വാങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ളത്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങൾക്ക് ആവശ്യമായ ലാപ്ടോപ്പ് Cprcs പോർട്ടലിൽ നിന്ന് തന്നെ വാങ്ങണമെന്ന് ഈ സർക്കുലറിൽ വ്യക്തമാക്കിയിട്ടുമുണ്ട്.
സർക്കാരിന്റെ ഓൺലൈൻ പോർട്ടലിലൂടെയല്ലാതെ കമ്പ്യൂട്ടർ വാങ്ങാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത സമയത്ത് Cprcs ൽ പ്രസിദ്ധീകരിച്ച മിഡ് ലെവൽ സ്പെസിഫിക്കേഷനിലുള്ള ( I3, 4GB RAM,1TB, Win 10 Home) ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറിന്റെ വില പ്രളയ സെസ് ഉൾപ്പെടെ 33154/- രൂപയാണ്. ടെൻഡർ മുഖേന പഞ്ചായത്ത് 49,862/- രൂപ നിരക്കിലാണ് കമ്പ്യൂട്ടറുകൾ വാങ്ങിയത്. ആയതിനാൽ 5 കമ്പ്യൂട്ടറുകൾ വാങ്ങിയതിന് ആകെ 83,540/- രൂപ നഷ്ടം വന്നിട്ടുണ്ട്(49862-33154=16708) X5.

2. വാങ്ങിയ കമ്പ്യൂട്ടറുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. കമ്പ്യൂട്ടറുകൾ എവിടെയൊക്കെയാണ് ഇൻസ്റ്റാൾ ചെയ്തതെന്നതിലും വ്യക്തതയില്ല.

3. കോവിഡ് സാഹചര്യത്തിൽ ഓൺലൈൻ മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിന് ആവശ്യമായ കമ്പ്യൂട്ടറുകളും ഉപകരണങ്ങളും വാങ്ങാനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടത്. ഈ ആവശ്യത്തിലേക്ക് ലാപ്ടോപ്പുകളാണ് കൂടുതൽ ഉചിതമെന്നിരിക്കെ വില കൂടിയ ഡെസ്ക് ടോപ്പുകൾ വാങ്ങിയതിന് വിശദീകരണം നൽകേണ്ടതാണ്.

സർക്കാർ ഉത്തരവിനും സർക്കുലറുകൾക്കും വിരുദ്ധമായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ( നം ) മറുപടി ലഭ്യമാക്കിയില്ല.

Cprcs ൽ ഉൾപ്പെട്ട ഉപകരണം മറ്റ് രീതിയിൽ വാങ്ങിയതുമൂലമുണ്ടായ നഷ്ടത്തുക 83,540/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുകയിൽ വിനിയോഗിക്കാൻ ബാക്കിയുള്ള തുക | പ്രൊജക്ടിന്റെ വിവരം | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | ജില്ലാപഞ്ചായത്ത് | 2020-21 | 196000/- | വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | |

RP-7 ൽ അക്കൌണ്ട് ഹെഡ് 160300101 പ്രകാരം 196000/- ജില്ലാപഞ്ചായത്ത് വിഹിതമായി ലഭിച്ചതിന്റെ ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | തുരുത്തി പാണ്ടിപ്പുഴ ജംഗ്ഷനിൽ കണ്ടൂർ കനാൽ ഭാഗത്തേക്ക് കുടിവെള്ള പൈപ്പ് ലൈൻ (പ്രോ.25/21) | BRN-557953 25/09/2020 | 500000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 500000 |

Advance To Implementing Agencies Deposit With Kwa എന്ന ഹെഡിൽ ഈ തുക ചേർത്തിട്ടില്ല. എന്നാൽ മറ്റേതെങ്കിലും അഡ്വാൻസ് ഹെഡിൽ ടി തുക ചെലവഴിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്ത ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുക അക്കൌണ്ടിൽ ചേർത്ത് അറിയിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. 2020-21 വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഐ.എ.വൈ. വായ്പ തിരിച്ചടവ് | സ.ഉ.(എം.എസ്)90/13 /തസ്വഭവ തീയതി.14.03.2013 | -- | 41343 | 41343 | 0 | 41343 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 71,59,291 |
| ഓഡിറ്റ് വർഷത്തെ വരവ് | 7,76,13,160 |
| ആകെ | 8,47,72,451 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 76,96,300 |
| നീക്കിയിരിപ്പ് | 78,09,451 |
| വരവിനങ്ങളിലുള്ള നഷ്ടം | ---- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,24,583 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 71,54,967 |

(ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,99,000 | ശ്രീ എം എസ് വിജയൻ, സെക്രട്ടറി |
| 3-2 | 9,977 | ഡോ. ടി പി എലിസബത്ത്, മെഡിക്കൽ ഓഫീസർ, സിഎച്ച് സി |
| 3-3 | 5,910 | ശ്രീമതി ഗായത്രി എസ് , സിഡിപിഒ |
| 3-4 | 13,804 | ശ്രീമതി രാജി സി ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | 12,332 | ശ്രീമതി രാജി സി ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | 83,540 | ശ്രീ എം എസ് വിജയൻ, സെക്രട്ടറി |
| ആകെ | 3,24,563 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 47,66,200 | ശ്രീ എം എസ് വിജയൻ, സെക്രട്ടറി |
| 1-14 | 10,028 | ശ്രീ ജോബി ടി വൈ, വ്യവസായവികസന ഓഫീസർ |
| 1-17(3) | 39,890 | ഡോ.എലിസബത്ത്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 1-18 | 1,77,774 | ശ്രീമതി ഗായത്രി എസ് , സിഡിപിഒ |
| 1-19 | 3,09,180 | ഡോ.എലിസബത്ത്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 1-20 | 47,280 | ശ്രീമതി ഗായത്രി എസ് , സിഡിപിഒ |
| 1-21 | 33,960 | ശ്രീമതി ഗായത്രി എസ് , സിഡിപിഒ |
| 1-23 | 12,70,655 | ശ്രീ എം എസ് വിജയൻ, സെക്രട്ടറി |
| 1-25 | 5,00,000 | ശ്രീ എം എസ് വിജയൻ, സെക്രട്ടറി |
| ആകെ | 71,54,967 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 2,486 | ശ്രീമതി രാജി സി.ആർ., അസിസ്റ്റന്റ് എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിനുത്തരവാദികളായവരുടെ മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ എം എസ് വിജയൻ, സെക്രട്ടറി | സെക്രട്ടറി, പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | പറയ്ക്കാട് വീട്, ചാമക്കാല പി ഒ, മണലൂർ, കോട്ടയം |
| ഡോ. ടി പി എലിസബത്ത്, മെഡിക്കൽ ഓഫീസർ, സി.എച്ച്. സി. | സിവിൽ സർജൻ, ചെങ്ങമനാട് | ശാലീനം, കോൺവെന്റ് റോഡ്, അങ്കമാലി |
| ശ്രീമതി ഗായത്രി എസ് , സിഡിപിഒ | വിരമിച്ചു | ശബരിഗിരി, Opposite എൻ എസ് എസ് കോളേജ്, |

| | | |
|---|---|---|
| | | വടക്കേകോട്ട, തൃപ്പൂണിത്തുറ |
| ശ്രീമതി രാജി സി ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് | തറക്കണ്ടത്തിൽ, പാലിയംതുരുത്ത്, എറണാകുളം |
| ശ്രീ ജോബി ടി വൈ, വ്യവസായ വികസന ഓഫീസർ | വ്യവസായവികസന ഓഫീസർ, പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് | തോട്ടപ്പിള്ളി വീട്,യോർദ്ദനാപുരം, കാലടി വഴി, തോട്ടകം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച റിപ്പോർട്ടിന്റെ / ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-2000 മുതൽ 2012-2013 വരെ | കെ.എസ്.എ-ഇ.കെ.എം (ബി.പി)1305/19 തീയതി 20.09.2019 |
| 2013-14 & 2014-15 | കെ.എസ്.എ-ഇ.കെ.എം (ബി.പി)1305/19 തീയതി 20.09.2019 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം (ബി.പി)1305/19 തീയതി 20.09.2019 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം (ബി.പി)1305/19 തീയതി 20.09.2019 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം.(ബി.പി.2)287/2019 തീയതി 12.07.19 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം.(ബി.പി)1592/2019 തീയതി 16.10.19 |
| 2019-20 | കെ.എസ്.എ-ഇ.കെ.എം.(ബി.പി)367/2022 തീയതി ---- |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്